VOL NO: 06 | ISSUE 53
www.nerpatham.com
mail@nerpatham.com
2022 DECEMBER 31 | ₹10

# നേർപഥം

വാരിക

## മതസ്വാതന്ത്ര്യം ഭരണഘടനാ നിർമ്മാണ ചർച്ചകളിൽ

വൈവിധ്യങ്ങളും അഭിപ്രായ വ്യത്യാസങ്ങളും ബഹുമാനിക്കപ്പെടുന്ന ജനാധിപത്യക്രമം ഫാഷിസ്റ്റ് മേൽകോയ്മക്ക് കീഴിൽ സുരക്ഷിതമല്ലെന്ന ആശങ്കയെ ശരിവെക്കുന്ന രീതിയിലാണിപ്പോൾ ഏകീകൃത വ്യക്തിനിയമം ചർച്ചയായിക്കൊണ്ടിരിക്കുന്നത്. ഭരണഘടനാ നിർമാണ സമയം മുതൽ ഫെഡറൽ സംവിധാനങ്ങൾക്കെതിരെ ശക്തമായി ശബ്ദിച്ച രാഷ്ട്രീയധാരയുടെ വക്താക്കൾ തന്നെയാണ് ഇപ്പോഴും ഇത്തരം നടപടികൾക്ക് മുൻകയ്യെടുക്കുന്നത് എന്നതാണ് ഏറെ ആശങ്കകൾ സൃഷ്ടിക്കുന്നത്.



# ഏക സിവിൽകോഡ്: സർവരെയും ബാധിക്കുന്ന കുരുക്ക്

|| അറബി ഭാഷയുടെ സ്വാധീനവും വളർച്ചയും

|| വിശുദ്ധ ക്വുർആൻ വിപ്ലവത്തിന്റെ വഴികാട്ടി

|| വിധി തേടുന്ന ഹിജാബും കോടതിയിലെ വാദങ്ങളും




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

# 0310 നേർപഥം

വാരിക

2022 ഡിസംബർ 31
1444 ജുമാദുൽ ഉഖ്റാ 06
പുസ്തകം 06 / ലക്കം 53






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly


കവർ സ്റ്റോറി




## സർവരെയും ബാധിക്കുന്ന കുരുക്ക്

മുജീബ് ഒട്ടുമ്മൽ


**05**
മുഖമൊഴി
സോലാപുരിലെ വേറിട്ട പ്രതിഷേധം ഉയർത്തുന്ന ചിന്തകൾ

**06**
ലേഖനം
വിശുദ്ധ ക്വുർആൻ വിപ്ലവത്തിന്റെ വഴികാട്ടി
ഡോ. ടി. കെ യൂസുഫ്

**09**
നമുക്കുചുറ്റും
നിയന്ത്രണത്തെ നിയന്ത്രിക്കുമ്പോൾ!
ടി.കെ അശ്റഫ്

**17**
കാഴ്ച
സഹായം കൊണ്ട് മുറിപ്പെടുത്തുന്നവർ
ഇബ്നു അലി എടത്തനാട്ടുകര

**18**
ലേഖനം
പ്രവാചകന്മാരുടെ ദൗത്യത്തിന്റെ കാതൽ
സലീം പട്ല

**22**
ലേഖനം
അറബി ഭാഷയുടെ സ്വാധീനവും വളർച്ചയും
ശബാബ് മദനി, അരിപ്ര

**25**
കവിത
ഞാനെത്ര ധന്യൻ!
ഉസ്മാൻ പാലക്കാഴി

**26**
ലേഖനം
മതസ്വാതന്ത്ര്യം ഭരണഘടന നിർമാണ ചർച്ചകളിൽ
സുഫ്യാൻ അബ്ദുസ്സലാം

**32**
ക്വുർആൻ ദർശനം
അസ്സുഖ്റുഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**34**
ബാലപഥം
അലിവുള്ളവരാവുക
വി.വി. ബഷീർ, വടകര
നന്മയിൽ മുന്നേറാം
ഹുസ്ന മലോറം

ചലനങ്ങൾ

# ആദർശത്തിന്റെ കരുത്ത് തെളിയിച്ച് കൊട്ടിയം സമ്മേളനത്തിന് ഉജ്വല സമാപനം

കൊല്ലം: കൊല്ലം ജില്ലയിലെ കൊട്ടിയത്ത് നാഷണൽ ഹൈവേയുടെ ഓരത്ത് അവിസ്മരണീയമായ അനുഭവം ബാക്കിവെച്ച് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ആദർശ സമ്മേളനത്തിന് ഉജ്വല സമാപനം. സമയനിഷ്ഠ പാലിച്ചുകൊണ്ടുള്ള സമ്മേളനത്തിന്റെ സമാരംഭംതന്നെ മികച്ച സംഘാടനത്തിന്റെ അടയാളമായി. സമ്മേളനം ഉദ്ഘാടനം ചെയ്ത ബഹു: എൻ.കെ പ്രേമചന്ദ്രൻ എംപി, സ്ഥലം എംഎൽഎ എന്നിവർ ഇക്കാര്യം പ്രത്യേകം എടുത്തുപറയുകയും ചെയ്തു.

കൊല്ലം ജില്ലയിൽ തൗഹീദി കൂട്ടായ്മയുടെ കരുത്ത് വിളിച്ചോതുന്നതായിരുന്നു സമ്മേളനത്തിലെ വർധിച്ച ജനപങ്കാളിത്തം. വരുംദിനങ്ങളിൽ വീടകങ്ങളിൽ സമ്മേളന സന്ദേശം നിലയ്ക്കാത്ത ചർച്ചകൾക്കും പരിവർത്തനത്തിനും കാരണമാകാൻ സ്ത്രീകളുടെ വൻതോതിലുള്ള സാന്നിധ്യം നിമിത്തമാകും എന്ന കാര്യത്തിൽ സംശയമില്ല. ആഴ്ചകൾ നീണ്ടുനിന്ന ഗൃഹസമ്പർക്ക പരിപാടിയിലൂടെ ആയിരങ്ങളിലേക്ക് സമ്മേളന സന്ദേശം എത്തിക്കാൻ സാധിച്ചതിന്റെ പ്രതിഫലനമാണ് ഒഴുകിയെത്തിയ ജനപ്രവാഹം.

'ധാർമികതയാണ് പരിഹാരം,' 'നല്ല കുടുംബം; നല്ല സമൂഹം,' 'വഴിമാറുന്ന ആത്മീയതയും വഴികാട്ടുന്ന അഹ്‌ലുസ്സുന്നയും' എന്നീ വിഷയങ്ങൾ യഥാക്രമം ടി. കെ അശ്റഫ്, മുജാഹിദ് ബാലുശ്ശേരി, ഫൈസൽ മൗലവി എന്നിവർ അവതരിപ്പിച്ചു.

സമ്മേളന നഗരിയുടെ പുറത്ത് സ്ഥാപിച്ച സ്ക്രീനിന് മുന്നിൽ തടിച്ചുകൂടിയ ജനക്കൂട്ടം നാട്ടുകാരുടെ സാന്നിധ്യത്തെ പ്രത്യേകം അടയാളപ്പെടുത്തി. നമസ്കാരത്തിനും മറ്റും സമ്മേളന നഗരിയിൽ ഒരുക്കിയ സൗകര്യങ്ങൾ മാതൃകാപരമായി.

ജില്ലാ പ്രസിഡന്റ് നിസാർ കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സെയ്ത് ആമുഖ സംസാരം നടത്തി. ■

വായനക്കാർ എഴുതുന്നു

# മലയാളിയുടെ ആസക്തി

നേർപഥം ലക്കം 308ലെ കവർ സ്‌റ്റോറി 'വളരുന്ന ആസക്തി; തളരുന്ന മനശ്ശക്തി' കാലിക പ്രസക്തവും ഗൗരവമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതുമായിരുന്നു.

വഴിവിട്ട ആസക്തികൾക്കുള്ള പരിഹാരം എന്താണെന്ന് കൃത്യമായി ലേഖനം വിശദീകരിക്കുന്നുണ്ട്. ഇഹലോക ജീവിതം ശാശ്വതമല്ല എന്ന തിരിച്ചറിവും തന്നെ സൃഷ്ടിച്ച രക്ഷിതാവിനെക്കുറിച്ചുള്ള ഭയവും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസവുമാണ് ആസക്തികളിൽനിന്ന് അകന്നുനിൽക്കാനുള്ള യഥാർഥ വഴി. ഇഹലോകത്തിന്റെ നൈമിഷികതയെക്കുറിച്ച് ബോധമുള്ള ഒരു മനുഷ്യൻ ആസക്തികൾക്കു പിന്നാലെ പാഞ്ഞ് താന്തോന്നിയായി ജീവിക്കാൻ തരമില്ല. സകലവിധ അധർമത്തിന്റെയും ആൾരൂപങ്ങളായിരുന്ന ഒരു ജനതതിയെ നിഷ്‌കളങ്കരും സദാചാരനിഷ്ഠരുമാക്കിത്തീർക്കുവാൻ നബി(സ്വ)ക്ക് സാധിച്ചതിന്റെ പിന്നിൽ അവരിൽ ഭൗതിക ജീവിതത്തോടുള്ള അമിതകാമന ഇല്ലായ്മ ചെയ്യുവാനും പരലോക വിജയത്തിനായുള്ള അഭിനിവേശം സന്നിവേശിപ്പിക്കുവാനും കഴിഞ്ഞു എന്നുള്ളതാണ്.

മരണമെന്ന യാഥാർഥ്യം മറന്നുകൊണ്ട് ഇവിടെ ശാശ്വതനെന്നമട്ടിൽ ജീവിക്കരുത്. നമ്മൾ വെറും വഴിയാത്രക്കാരാണ്. ഇന്നല്ലെങ്കിൽ നാളെ മടങ്ങേണ്ടിവരും. നമുക്ക് ഇഷ്ടമാണെങ്കിലും അല്ലെങ്കിലും നിർബന്ധമായ മടക്കം. നമുക്ക് ഇഷ്ടമുള്ള സമയവും ദിവസവും നോക്കാതെയുള്ള മടക്കം. കാരണം, ആ മടക്കദിവസവും സമയവും തീരുമാനിക്കുന്നത് നമ്മളല്ല; സ്രഷ്ടാവാണ്. ദൈവവിശ്വാസികളും ദൈവനിഷേധികളുമൊക്കെ അവനവന് നിശ്ചയിക്കപ്പെട്ട സമയം വരുമ്പോൾ മടങ്ങിപ്പോയേ തീരൂ. അതിനുമുമ്പായി ജീവിതം നന്നാക്കിയവർക്ക് സമാധാനത്തോടെ മടങ്ങാം.

**-അബ്ദുൽ ജലീൽ, നാദാപുരം**

# സോലാപുരിലെ വേറിട്ട പ്രതിഷേധം ഉയർത്തുന്ന ചിന്തകൾ

ഈയിടെ മഹാരാഷ്ട്രയിലെ സോലാപുരിൽ യുവാക്കളുടെ വേറിട്ട ഒരു പ്രതിഷേധം നടക്കുകയുണ്ടായി. വധുവിനെ കിട്ടാത്തതിലുള്ള മനോവിഷമത്താൽ വിവാഹവസ്ത്രമണിഞ്ഞ്, കുതിരപ്പുറത്തു കയറി കുറെ യുവാക്കൾ കളക്ട്രേറ്റ് മാർച്ച് നടത്തിയതാണ് സംഭവം. ജ്യോതി ക്രാന്തി പരിഷത് എന്ന സംഘടനയാണ് പ്രതിഷേധം സംഘടിപ്പിച്ചത്. ജില്ലാ കളക്ടർക്ക് സംഘടന നിവേദനം നൽകിയിട്ടുമുണ്ട്. സംസ്ഥാനത്ത് സ്ത്രീ-പുരുഷ അനുപാതം കുറവായതിനാലാണ് വധുവിനെ ലഭിക്കാത്തത് എന്നാണ് ഇവർ പറയുന്നത്. 1000 പുരുഷന്മാർക്ക് 889 സ്ത്രീകൾ എന്നതാണത്രെ മഹാരാഷ്ട്രയിലെ ഇപ്പോഴത്തെ അനുപാതം. പെൺ ഭ്രൂണഹത്യ വർധിക്കുന്നതാണ് കാരണമെന്നും സർക്കാരാണ് ഇതിന് ഉത്തരവാദിയെന്നും സംഘടനയുടെ പ്രസിഡൻറ് ആരോപിക്കുന്നുണ്ട്.

ഭരണാധികാരികളും ജനങ്ങളും ഉറക്കെ ചിന്തിക്കേണ്ട, വളരെ ഗൗരവമുള്ള ഒരു വിഷയം ഇതിലൂടെ പ്രതിഷേധം നടത്തിയവർ ചർച്ചാവിഷയമാക്കിയിരിക്കുകയാണ്. പെൺ ഭ്രൂണത്തെ ഗർഭപാത്രത്തിൽ വെച്ചുതന്നെ നശിപ്പിച്ച് കളയുന്നതാണ് പെൺ ഭ്രൂണഹത്യ (Female foeticide). റോയിട്ടേഴ്സ് നടത്തിയ ഒരു പഠനത്തിൽ പെൺഭ്രൂണഹത്യ ഉൾപ്പെടെ സ്ത്രീകൾക്കെതിരെ ഏറ്റവും കൂടുതൽ അക്രമം നടക്കുന്ന രാജ്യങ്ങളിൽ ഇന്ത്യയ്ക്ക് നാലാം സ്ഥാനമാണുള്ളത്. പെൺഭ്രൂണഹത്യ ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുമെന്നതിനാൽ ഭാവിയിൽ ബാല ലൈംഗിക പീഡനം, ഭാര്യയെ പങ്കുവയ്ക്കൽ എന്നിവയിലേക്ക് നയിക്കുമെന്ന് ഐക്യരാഷ്ട്രസഭ മുമ്പേ മുന്നറിയിപ്പ് നൽകിയതാണ്. പ്രതിദിനം 2000 പെൺ ഭ്രൂണഹത്യകൾ ഇന്ത്യയിൽ നടക്കുന്നുവെന്നാണ് ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്.

കുഞ്ഞ് ആണായാലും പെണ്ണായാലും ജനിക്കാനും ജീവിക്കാനുമുള്ള അവകാശം നിഷേധിക്കപ്പെടുന്നതും ഭ്രൂണഹത്യ എന്ന ഓമനപ്പേരിൽ നിഷ്കരുണം വെട്ടിമുറിച്ച് ഇല്ലാതാക്കുന്നതും ഒരു സംസ്കൃത ജനതയ്ക്ക് ചേർന്നതാണോ?

ഈയിടെ യുഎസ് കോടതി പ്രഖ്യാപിച്ചത് ഭ്രൂണഹത്യ ഒരിക്കലും ഒരു മൗലികാവകാശമല്ല എന്നാണ്. ഈ വിധിയിലൂടെ, 50 വർഷം നീണ്ട നിയമപരമായ കീഴ്‌വഴക്കമാണ് കോടതി മാറ്റിമറിച്ചത്. എന്നാൽ ഈ വർഷം നമ്മുടെ സുപ്രീം കോടതി 50 വർഷമായി തുടർന്നുവരുന്ന കീഴ്‌വഴക്കത്തെ മാറ്റിമറിച്ചുകൊണ്ട് ഗർഭഛിദ്രം അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. 1971ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി ആക്റ്റ് പ്രകാരം 20-24 ആഴ്ച ഗർഭിണിയായ അവിവാഹിതരായ സ്ത്രീകൾക്ക് സമ്മതത്തോടെയുള്ള ലൈംഗികബന്ധത്തിന് ശേഷം നിയമപരമായ ഗർഭഛിദ്രം നടത്തുന്നത് നിയമവിരുദ്ധമായിരുന്നു. അതിനെ ഇപ്പോൾ നിയമവിധേയമാക്കിയിരിക്കുകയാണ്.

എല്ലാ സ്ത്രീകൾക്കും അവരുടെ വൈവാഹിക നില എന്തുതന്നെയായാലും 24 ആഴ്ചയെത്തിയ ഗർഭം വരെ സുരക്ഷിതവും നിയമപരവുമായ ഗർഭഛിദ്രത്തിന് അവകാശമുണ്ടെന്നാണ് സുപ്രീം കോടതിയുടെ പുതിയ വിധി. 24 ആഴ്ച എന്നത് 6 മാസമാണ്. മൂന്നു മാസം പൂർത്തിയാകുന്നതോടെ ഗർഭസ്ഥശിശുവിന് എല്ലാ ശരീരഭാഗങ്ങളും ഉണ്ടായിരിക്കും. ആറു മാസം പ്രായമാകുമ്പോൾ മുക്കാൽ കിലോയോളം തൂക്കമുണ്ടായിരിക്കുന്ന ഗർഭസ്ഥ ശിശുവിന് അമ്മയുടെ ഉദരത്തിന് വെളിയിലുള്ള സുരക്ഷിത സജ്ജീകരണത്തിലും അതിജീവനം സാധ്യമാണ്. അങ്ങനെയുള്ള കുഞ്ഞിനെ പോലും നശിപ്പിക്കാൻ അഥവാ കൊല്ലാൻ നിയമം അനുമതി നൽകുന്നു എന്നത് മനസ്സാക്ഷിയുള്ളവർക്ക് എങ്ങനെ ഉൾക്കൊള്ളാനാവും?

വധുവിനെ കിട്ടാനില്ലാത്തതിനാൽ പ്രതിഷേധം നടന്നത് ഇപ്പോൾ മഹാരാഷ്ട്രയിലാണ്. അത് നമ്മുടെ കേരളത്തിലടക്കം എല്ലാ സംസ്ഥാനങ്ങളിലും നടക്കാതിരിക്കണമെങ്കിൽ ഗർഭഛിദ്രത്തിലെ ഉദാരസമീപനം ഒഴിവാക്കിയേ തീരൂ.




# വിശുദ്ധ ക്വുർആൻ വിപ്ലവത്തിന്റെ വഴികാട്ടി

ഡോ. ടി. കെ യൂസുഫ്
:9349798262

അജ്ഞതാന്ധകാരങ്ങളിലും സാംസ്കാരിക ജീർണതകളിലും ജീവിച്ചിരുന്ന അപരിഷ്കൃതരായ അറബികളെ ഉത്തമ സമുഹമാക്കി മാറ്റിയതിൽ വിശുദ്ധ ക്വുർആൻ നിർവഹിച്ച പങ്ക് ഇസ്‌ലാമിന്റെ ശത്രുക്കൾ പോലും അംഗീകരിക്കുന്നതാണ്. അധാർമികത കൊടികുത്തിവാണിരുന്ന ആ പ്രാകൃത ജനസമൂഹത്തെ പുരോഗതിയുടെ ഉത്തുംഗതയിലേക്ക് പരിവർത്തിപ്പിക്കാൻ ക്വുർആൻ സ്വീകരിച്ച രീതിയും മാർഗവും എന്തായിരുന്നു? അത് മനസ്സിലാക്കുന്നത് അഭിനവ ജാഹിലിയ്യത്തിനെതിരെ പൊരുതുവാനും ധാർമിക വിപ്ലവം നടത്തുവാനും ഏറെ സഹായകരമാണ്.


ബഹുദൈവാരാധന, കൊല, കൊള്ള, മദ്യപാനം. വ്യഭിചാരം, പലിശ, സാമ്പത്തിക അഴിമതി, ലൈംഗിക പീഡനം തുടങ്ങി സകലവിധ തോന്നിവാസങ്ങളുടെയും ഉപാസകരായി ജീവിച്ചിരുന്ന ആ അന്ധസമൂഹത്തെ സംസ്കരിക്കാൻ വേണ്ടി അവതരിച്ച വേദഗ്രന്ഥം ആദ്യമായി അവരോട് ആവശ്യപ്പെടുന്നത് വായിക്കാനാണ്. ക്വുർആനിലെ പ്രഥമ വചനത്തിലൂടെത്തന്നെ മദ്യവും വ്യഭിചാരവും വിലക്കുകയായെങ്കിൽ അവയിൽ മദിച്ചു ജീവിച്ചിരുന്ന ആ കാടൻ ജനതക്ക് അത് പെട്ടെന്ന് ഉൾകൊള്ളാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. വിദ്യാഭ്യാസമാണ് ഒരു സമൂഹത്തിന്റെ സമൂല മാറ്റത്തിന്റെ ആധാരശിലയായിവർത്തിക്കുക എന്ന തത്ത്വമാണ് ഇവിടെ നമുക്ക് കാണാൻ കഴിയുന്നത്. അതുപോലെ പലിശ പോലുള്ള സാമ്പത്തിക ചൂഷണങ്ങൾക്കെതിരെയാണ് ക്വുർആൻ ആദ്യമായി വാളോങ്ങുന്നതെങ്കിൽ ആ സമൂഹത്തിലെ ഒരു വിഭാഗത്തെ മാത്രമെ ഇസ്‌ലാമിന്റെ കൊടിക്കീഴിൽ അണിനിരത്താനാകുമായിരുന്നുള്ളൂ.

യുദ്ധത്തിന്റെ കെടുതികൾമൂലം ദുരിതമനുഭവിക്കുകയും സംഘട്ടനങ്ങളും പോരാട്ടങ്ങളും നിമിത്തം പൊറുതിമുട്ടുകയും ചെയ്തിരുന്ന ആ ജനതയിലേക്ക് യുദ്ധം നിഷിദ്ധമാണെന്ന് പറഞ്ഞുകൊണ്ട് പ്രവാചകൻ കടന്നുവരികയാണെങ്കിൽ യുദ്ധത്തിന്റെ ബലിയാടുകളായ ഒരുപിടി ആളുകൾ ആ ദിവ്യസന്ദേശത്തെ വളരെ പെട്ടെന്ന് വാരിപ്പുണരുമായിരുന്നു. അതുപോലെ സാമ്പത്തിക ചൂഷണത്തിന്റെ നുകം പേറി പീഡിതരായി കഴിഞ്ഞിരുന്ന അവരിലേക്ക് പലിശ നിരോധിച്ചുകൊണ്ടുള്ള വചനങ്ങളാണ് ആദ്യമായി അവതരിച്ചിരുന്നതെങ്കിൽ കൊള്ളപ്പലിശകൊണ്ട് നരകിച്ചിരുന്ന പാവങ്ങൾ താമസിയാതെ ഈ വേദത്തിൽ ആകൃഷ്ടരാകുകയും ചെയ്യുമായിരുന്നു.

മുന്തിരിക്കള്ളിൽ മത്തുപിടിച്ച് ജീവിക്കുകയും 'മുന്തിരിവല്ലി തൻ മൂലത്തിലാവണം എൻ ശവക്കല്ലറ'എന്നു പാടിയിരുന്നവർ പോലും ജീവിച്ചിരുന്ന ആ ഇരുണ്ട കാലത്തിലെ മനുഷ്യരോട് മദ്യം വെടിയാനാണ് ക്വുർആൻ ആദ്യമായി ആവശ്യപ്പെട്ടിരുന്നതെങ്കിൽ ആ ജനത ഇസ്‌ലാമിന്റെ സന്ദേശത്തെ തിരസ്കരിക്കുമായിരുന്നു. ലൈംഗിക സദാചാരത്തിന്റെ അതിർവരമ്പുകൾ ലംഘിച്ച് അഴിഞ്ഞാടിയിരുന്ന ആ ഭോഗാസക്തരോട് ആദ്യമെ ധാർമിക വിശുദ്ധിയുടെ വേദവാക്യങ്ങളാണ് ഓതിക്കൊടുത്തിരുന്നതെങ്കിൽ അവർക്കത് അരോചകമായിത്തീരുകയും ദൈവികവചനങ്ങൾ ചെവിക്കൊള്ളാൻ അവർ വിമുഖത കാണിക്കുകയും ചെയ്യുമായിരുന്നു.

എന്നാൽ എല്ലാവിധ അധാർമികതയിലും വേരുറച്ച ഒരു സമൂഹത്തെ ആദ്യമായി മാനസികമായി പരിവർത്തിപ്പിക്കുകയും പിന്നീട് പാപങ്ങൾ പരിത്യജിക്കാൻ അവരെ പ്രാപ്തരാക്കുകയുമാണ് ക്വുർആൻ ചെയ്തത്.

**യുദ്ധത്തിന്റെ കെടുതികൾമൂലം ദുരിതമനുഭവിക്കുകയും സംഘട്ടനങ്ങളും പോരാട്ടങ്ങളും നിമിത്തം പൊറുതിമുട്ടുകയും ചെയ്തിരുന്ന ആ ജനതയിലേക്ക് യുദ്ധം നിഷിദ്ധമാണെന്ന് പറഞ്ഞുകൊണ്ട് പ്രവാചകൻ കടന്നുവരികയാണെങ്കിൽ യുദ്ധത്തിന്റെ ബലിയാടുകളായ ഒരുപിടി ആളുകൾ ആ ദിവ്യസന്ദേശത്തെ വളരെ പെട്ടെന്ന് വാരിപ്പുണരുമായിരുന്നു. അതുപൊലെ സാമ്പത്തിക ചൂഷണത്തിന്റെ നുകം പേറി പീഡിതരായി കഴിഞ്ഞിരുന്ന അവരിലേക്ക് പലിശ നിരോധിച്ചുകൊണ്ടുള്ള വചനങ്ങളാണ് ആദ്യമായി അവതരിച്ചിരുന്നതെങ്കിൽ കൊള്ള പ്പലിശകൊണ്ട് നരകിച്ചിരുന്ന പാവങ്ങൾ താമസിയാതെ ഈ വേദത്തിൽ ആകൃഷ്ടരാകുകയും ചെയ്യുമായിരുന്നു**



ആദ്യവചനത്തിലൂടെ തന്നെ വായിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അവതരിച്ച ഖുർആൻ തുടർവചനങ്ങളിലൂടെ വായനയുടെ മഹത്ത്വമല്ല പറഞ്ഞത്. മറിച്ച്, സൃഷ്ടിച്ചവനായ രക്ഷിതാവിന്റെ നാമത്തിൽ എന്നു പറഞ്ഞ് മനുഷ്യനെ സൃഷ്ടിച്ച് പരിപാലിക്കുന്ന സർവശക്തനായ നാഥനെ പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. കേവലം വായനകൊണ്ട് മാത്രം ഒരു ജനത സംസ്കൃതി കൈവരിക്കണമെന്നില്ല. ബിരുദാന്തരബിരുദമുള്ള എത്രയോ വിദ്യാഭ്യാസ വിചക്ഷണർ ധാർമിക, സദാചാര നിയമങ്ങൾ കാറ്റിൽ പറത്തി ജീവിക്കുന്നതായി നമുക്ക് കാണാൻ കഴിയും. എന്നാൽ മനുഷ്യന്റെ രഹസ്യവും പരസ്യവുമായ എല്ലാ പ്രവർത്തനങ്ങളും അറിയുന്ന ഒരു മഹാശക്തിയുണ്ട് എന്ന അവബോധം മനുഷ്യനുണ്ടായാൽ അവന്റെ പ്രവർത്തനങ്ങൾ സ്വാഭാവികമായും നന്നായിത്തീരും. അതിനു വേണ്ടിയുള്ള ശ്രമങ്ങൾക്കാണ് ഖുർആൻ ആദ്യമായി ഊന്നൽ നൽകിയിട്ടുള്ളത്.

ദൈവവിശ്വാസം വെച്ചുപുലർത്തുന്ന ഒട്ടനവധി പേർ ലോകത്ത് ജീവിക്കുന്നുണ്ടെങ്കിലും അവരിൽ അധികപേരും ധാർമിക, സദാചാര നിയമങ്ങൾ കൃത്യമായി പാലിക്കുന്നില്ല. ദൈവത്തെക്കുറിച്ചുള്ള ശരിയായ അറിവിന്റെ അഭാവം നിമിത്തം മരിച്ചുപോയവരും അല്ലാത്തവരുമായ ചില മധ്യവർത്തികളെ പ്രീതിപ്പെടുത്തി ചുളുവിൽ പരലോകശിക്ഷയിൽനിന്ന് മോചനം നേടാം എന്ന വ്യാമോഹമാണ് അവർ വെച്ചുപുലർത്തുന്നത്. അതുകൊണ്ട് തന്നെ ചില മനുഷ്യരടക്കമുള്ള സൃഷ്ടികളെയും വിഗ്രഹങ്ങളെയും വിളിച്ചുതേടുന്നതിലെ നിരർഥകത ജനങ്ങളെ ബോധ്യപ്പെടുത്തി മനസ്സിൽ കറകളഞ്ഞ ഏകദൈവവിശ്വാസംവേരുറപ്പിക്കാനാണ് ഖുർആൻ പരമപ്രധാനമായി ശ്രമിക്കുന്നത്. ജാഹിലിയ്യ കാലത്ത് ജനങ്ങൾക്ക് ദൈവ വിശ്വാസമുണ്ടായിരുന്നുവെങ്കിലും ആഗ്രഹ സഫലീകരണത്തിന് അവർ പുണ്യപുരുഷന്മാരുടെ വിഗ്രഹങ്ങളെയാണ് ആരാധിച്ചിരുന്നത്. എന്നാൽ സമുദ്രയാത്രയിൽ കൊടുങ്കാറ്റിൽ അകപ്പെട്ട് കപ്പൽ തകരുന്നതുപോലുള്ള ചില സന്ദിഗ്ധഘട്ടങ്ങളിൽ അവർ അല്ലാഹുവിനെ മാത്രം വിളിച്ചുതേടിയിരുന്നതായും ഖുർആൻ പറയുന്നുണ്ട്. എന്നാൽ അതിൽനിന്ന് രക്ഷപ്പെടുന്നതോടെ അവരുടെ നിലപാട് മാറുകയും അവർ വീണ്ടും ബഹുദൈവാരാധയിലേക്ക് കൂപ്പുകുത്തുകയും ചെയ്യും. അതുകൊണ്ട്തന്നെ ഖുർആനിൽ ആദ്യമായി അവതരിച്ച വചനങ്ങൾ പരിശോധിക്കുകയാണങ്കിൽ അവയിലെല്ലാം ബഹുദൈവവിശ്വാസത്തിനെതിരെയുള്ള കർക്കശമായ നിലപാട് കാണാം. കാരണം വിശ്വാസവൈകല്യമുള്ള ഒരു ജനത; അവർ എന്ത് പുരോഗതി നേടിയാലും അതെല്ലാം അർഥശൂന്യമാണ്.

ജനങ്ങളെ ആപാദചൂഡം ഗ്രസിച്ചിട്ടുള്ള തിന്മകളെയും വൈകൃതങ്ങളെയും നിഷ്ക്കാസനം ചെയ്യുന്ന രംഗത്ത് സ്വീകരിക്കേണ്ട നയവും ഖുർആൻ വിവരിക്കുന്നുണ്ട്. തിന്മക്കെതിരെ ഒറ്റയടിക്കുള്ള വിലക്കുകൾ വിപരീതഫലം ഉളവാക്കും എന്നുള്ളതുകൊണ്ട് മദ്യപാനം പോലുള്ള, ജനങ്ങളുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ദുശ്ശീലങ്ങൾ ഘട്ടംഘട്ടമായാണ് ഖുർആൻ നിരോധിച്ചിട്ടുള്ളത്. മദ്യപാനം ശീലിച്ചവർക്ക് അവരുടെ ശരീരം അതിന് അടിമപ്പെട്ടതുകൊണ്ട് അത് പെട്ടെന്ന് വർജിക്കാൻ അൽപം പ്രയാസമുണ്ടാകും. മദ്യത്തിന് അല്ലറ ചില്ലറ ഗുണങ്ങളൊക്കെയുള്ളതുകൊണ്ടാണ് പലരും അതിലേക്ക് ആകർഷിക്കപ്പെടുന്നത്. എന്നാൽ ഖുർആൻ അതിന്റെ നിസ്സാരമായ നേട്ടങ്ങൾ നിഷേധിക്കാതെ തന്നെ അതിന്റെ വമ്പിച്ച കോട്ടത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിച്ചു. പിന്നീട് നമസ്കാരവേളയിൽ ലഹരി വെടിയാൻ ആഹ്വാനം ചെയ്യുകവഴി ദിവസം മുഴുവൻ ഉന്മത്തരായി കഴി




യുന്ന അവസ്ഥയിൽനിന്ന് അവരെ മോചിപ്പിച്ചു. പിന്നീട് ഖുർആൻ 'ഇനിയും നിങ്ങൾക്ക് വിരമിക്കാനായില്ലേ' എന്ന് ചോദിച്ചതോടുകൂടി മദ്യവീപ്പകൾ തച്ചുടച്ച് മദീന തെരുവുകളിൽ മദ്യച്ചാലുകൾ ഒഴുക്കാൻ മാത്രം പോന്ന മാനസിക പരിവർത്തനം ആ ജനങ്ങൾക്ക് സംഭവിച്ചു!

ഒരു ജനതയെ സംസ്കരിക്കുന്നതിന് ഏതാനും കൽപനകളും നിർദേശങ്ങളും നൽകുക മാത്രമല്ല ഖുർആൻ ചെയ്തത്. വിധിവിലക്കുകൾ പാലിച്ച് വിശുദ്ധരായി ജീവിക്കുന്നവർക്ക് അനന്തവും അനശ്വരവുമായ സ്വർഗീയസുഖം ലഭിക്കും എന്ന വാഗ്ദാനം നൽകുക വഴി ഖുർആൻ ജനങ്ങൾക്ക് സൽകർമങ്ങൾ അനുഷ്ഠിക്കാനുള്ള പ്രേരണയും പ്രചോദനവും നൽകുകയാണ് ചെയ്തത്. അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി ക്ഷണികവും നൈമിഷികവുമായ സുഖസൗകര്യങ്ങൾ ത്യജിക്കുകയാണെങ്കിൽ പരലോകത്ത് അതിരറ്റ അനുഗ്രഹവർഷത്തിന് അത് നിമിത്തമാകും എന്ന് വ്യക്തമാക്കുന്നതിലൂടെ ഖുർആൻ ഭൗതിക ജീവിതത്തിന്റെ ക്ഷണികതയും ആത്മീയജീവിതത്തിന്റെ അനശ്വരതയുമാണ് ജനങ്ങളെ പഠിപ്പിക്കുന്നത്.

പാപികൾക്കുവേണ്ടി പരലോകത്ത് ഒരുക്കിവെച്ചിട്ടുള്ള വേദനയേറിയ ശിക്ഷകളെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കൊണ്ടാണ് ഖുർആൻ തിന്മയിൽനിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുന്നത്. അതുപോലെ പുണ്യവാന്മാർക്ക് സ്വർഗത്തിൽ ഒരുക്കിവെച്ചിട്ടുള്ള സുഖസൗകര്യങ്ങളെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചുകൊണ്ട് സൽകർമങ്ങൾ അനുഷ്ഠിക്കാൻ മനുഷ്യന് പ്രചോദനം നൽകുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഖുർആനിന്റെ ദൈവികതയെക്കുറിച്ച് പൂർണബോധ്യം വന്നിട്ടുള്ള വിശ്വാസികൾ ജീവിതത്തിൽ പാപങ്ങളിൽനിന്ന് പരമാവധി മുക്തമാകാനും ആവുന്നത്ര സൽകർമങ്ങൾ ചെയ്ത് പരലോകത്ത് പുണ്യങ്ങൾ വാരിക്കൂട്ടാനുമാണ് ജീവിതം പ്രയോജനപ്പെടുത്തുക.

**വിപ്ലവത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന എത്രയോ നേതാക്കൾ ലോകത്ത് കഴിഞ്ഞുപോയിട്ടുണ്ട്. എന്നാൽ അവരാരും തങ്ങൾ പറയുന്ന ആദർശം കൃത്യമായി ജീവിതത്തിൽ പകർത്തിയിട്ടില്ല. അതുപോലെ പരിവർത്തനത്തിന്റെ പടഹധ്വനി മുഴക്കുന്ന ഒട്ടേറെ തത്ത്വസംഹിതകളും ദർനങ്ങളും ഇന്ന് ജനങ്ങളുടെ മുന്നിലുണ്ട്. എന്നാൽ അവയിൽ പലതും മനുഷ്യർക്ക് ജീവിതത്തിൽ പ്രയോഗവത്കരിക്കാൻ പ്രയാസമുള്ളവയാണ്. ഇനി അവയിൽ പ്രായോഗിക തത്ത്വങ്ങൾ ഉണ്ടെങ്കിൽ തന്നെ അവ ജീവിതത്തിന്റെ ഏതെങ്കിലും ചില ഭാഗങ്ങളെ സ്പർശിക്കുന്നത് മാത്രമാണ്. എന്നാൽ ഖുർആൻ മുന്നോട്ടുവെക്കുന്ന കാര്യങ്ങളെല്ലാം മനുഷ്യജീവിതത്തിന്റെ നിഖില മേഖലകളുമായി ബന്ധപ്പെട്ടതാണ്. അവയെല്ലാം തന്നെ പ്രവാചകന്റെ ജീവിതകാലത്തിനിടക്ക് പ്രാവർത്തികമാക്കി കാണിച്ചുകൊടുക്കുകയും അനേകായിരം അനുയായികൾ അത് ജീവിതത്തിൽ പകർത്തി ജീവിതസാഫല്യം നേടുകയും ചെയ്തതുമാണ്.**

വിപ്ലവത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന എത്രയോ നേതാക്കൾ ലോകത്ത് കഴിഞ്ഞുപോയിട്ടുണ്ട്. എന്നാൽ അവരാരും തങ്ങൾ പറയുന്ന ആദർശം കൃത്യമായി ജീവിതത്തിൽ പകർത്തിയിട്ടില്ല. അതുപോലെ പരിവർത്തനത്തിന്റെ പടഹധ്വനി മുഴക്കുന്ന ഒട്ടേറെ തത്ത്വസംഹിതകളും ദർനങ്ങളും ഇന്ന് ജനങ്ങളുടെ മുന്നിലുണ്ട്. എന്നാൽ അവയിൽ പലതും മനുഷ്യർക്ക് ജീവിതത്തിൽ പ്രയോഗവത്കരിക്കാൻ പ്രയാസമുള്ളവയാണ്. ഇനി അവയിൽ പ്രായോഗിക തത്ത്വങ്ങൾ ഉണ്ടെങ്കിൽ തന്നെ അവ ജീവിതത്തിന്റെ ഏതെങ്കിലും ചില ഭാഗങ്ങളെ സ്പർശിക്കുന്നത് മാത്രമാണ്. എന്നാൽ ഖുർആൻ മുന്നോട്ടുവെക്കുന്ന കാര്യങ്ങളെല്ലാം മനുഷ്യജീവിതത്തിന്റെ നിഖില മേഖലകളുമായി ബന്ധപ്പെട്ടതാണ്. അവയെല്ലാംതന്നെ പ്രവാചകന്റെ ജീവിതകാലത്തിനിടക്ക് പ്രാവർത്തികമാക്കി കാണിച്ചുകൊടുക്കുകയും അനേകായിരം അനുയായികൾ അത് ജീവിതത്തിൽ പകർത്തി ജീവിതസാഫല്യം നേടുകയും ചെയ്തതുമാണ്. ജാഹിലിയ്യ കാലത്തെക്കാൾ ദുഷിച്ച ജീർണതകൾ നടമാടുന്ന ആധുനികകാലത്ത് ജനങ്ങളെ ഇസ്‌ലാമിന്റെ തെളിമയാർന്ന ആദർശത്തിലേക്ക് നയിക്കണമെങ്കിലും ഖുർആൻ ചെയ്തതുപോലെ നാം ആദ്യമായി ആളുകളുടെ വിശ്വാസരംഗം ശുദ്ധീകരിക്കുകയാണ് വേണ്ടത്. ■



# നിയന്ത്രണത്തെ നിയന്ത്രിക്കുമ്പോൾ!

ടി.കെ അശ്റഫ്
: 81118 07199

മെഡിക്കൽ കോളേജ് ഹോസ്റ്റലുകളിലെ ആൺകുട്ടികളും പെൺകുട്ടികളുമെല്ലാം ഇനിമുതൽ രാത്രി ഒമ്പതരയ്ക്കുള്ളിൽ ഹോസ്റ്റലിൽ തിരികെ കയറണമെന്ന് സർക്കാർ ഉത്തരവ് ഇറക്കിയിരിക്കുകയാണ്. പെൺകുട്ടികളെ ഹോസ്റ്റലിൽ പൂട്ടിയിടേണ്ട കാര്യമില്ലെന്നും ആൺകുട്ടികൾക്കില്ലാത്ത നിയന്ത്രണം അവർക്കുമാത്രമെന്തിനെന്നും ഹൈക്കോടതി ചോദ്യം ചെയ്ത ഘട്ടത്തിലാണ് ഇരുകൂട്ടർക്കും 9:30 ആക്കി സമയം കുറച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയത്.

മെഡിക്കൽ കോളേജ് ഹോസ്റ്റലുകൾ ടൂറിസ്റ്റ് ഹോമല്ലെന്ന് ഇതേ തുടർന്ന് ആരോഗ്യ സർവകലാശാല ഹൈക്കോടതിയിൽ നിലപാടെടുക്കുകയും ചെയ്തു. ഹോസ്റ്റലുകൾ നൈറ്റ് ലൈഫിനുള്ള ഇടമല്ല; പഠിക്കാനുള്ള സൗകര്യമാണ് ഹോസ്റ്റലുകളിൽ ഉള്ളത്. രാത്രി 9 മണിക്ക് കോളേജിലെ ലൈബ്രറികൾ അടക്കും. പിന്നീട് പഠനാവശ്യത്തിന് പുറത്തു പോകേണ്ടതില്ല. അതിനാൽ 9:30ന് ഹോസ്റ്റൽ അടക്കുന്നതിൽ തെറ്റില്ല എന്ന് ആരോഗ്യസർവകലാശാല കോടതിയെ അറിയിക്കുകയായിരുന്നു. 25 വയസ്സ് പ്രായം എത്തുമ്പോഴാണ് ഒരാൾക്ക് പൂർണമായ പക്വത കൈവരുന്നത് എന്ന് പല രാജ്യാന്തര പഠനങ്ങളും തെളിയിക്കുന്നുണ്ട്. ഇതിന് താഴെ പ്രായമുള്ളവർക്ക് പരിപൂർണ സ്വാതന്ത്ര്യം അനുവദിക്കേണ്ടതില്ല എന്നും ആരോഗ്യ സർവകലാശാലയുടെ സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

പഠന കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്ന വിദ്യാർഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഏറെ സമാധാനം നൽകുന്ന ഒരു നിലപാടാണ് സർവകലാശാല സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാതെ വയ്യ. എന്നാൽ ലിബറൽ ചിന്തകൾക്ക് അടിമപ്പെട്ടവർ പഠന സ്വാതന്ത്ര്യത്തിന്റെ വാദമുയർത്തി ഈ നിലപാടിനെതിരെ ശക്തമായി രംഗത്ത് വന്നിരിക്കുകയാണ്! കഴുകക്കണ്ണുള്ള പുരുഷന്മാർക്ക് കൊത്തിവലിക്കാൻ പാകത്തിൽ രാത്രികളിൽ സ്ത്രീകളെ തെരുവിലിറക്കാൻ വെമ്പൽ കൊള്ളുന്ന ചാനൽ അവതാരകന്മാർ ഈ വിഷയം ഏറ്റെടുത്ത് ചൂടേറിയ ചർച്ചകൾക്ക് തിരികൊളുത്തിക്കഴിഞ്ഞു.

'നായ കടിക്കുമെന്ന് കരുതി റോഡിൽ ഇറങ്ങുന്നവരെയെല്ലാം കെട്ടിയിടാനാവുമോ? നായയെ ചങ്ങലക്കിടുകയല്ലേ വേണ്ടത്' എന്നാണ് ചാനൽ ചർച്ചകളിൽ ചോദിച്ചുകൊണ്ടിരിക്കുന്നത്. ശരിയാണ്, നായയെ പിടിച്ചുകെട്ടണം. അതോടൊപ്പം, നായയുടെ അരികിലേക്ക് ചെല്ലാതിരിക്കാനും ശ്രദ്ധിക്കണം. ഡ്രൈവർ ശ്രദ്ധിക്കുമെന്ന് കരുതി റോഡിലൂടെ നടക്കുന്ന നമുക്ക് ജാഗ്രത ഒട്ടും വേണ്ടതില്ലേ? കള്ളനെ പിടിക്കൽ പോലീസിന്റെ ബാധ്യതയാണെന്നു പറഞ്ഞ് വീട് പൂട്ടാതിരിക്കാനാവുമോ? കോവിഡ് വ്യാപിച്ചപ്പോൾ വൈറസിനെ പിടിച്ചുകെട്ടൂ എന്ന് പറഞ്ഞ് നമ്മൾ മാസ്ക് ധരിക്കാതിരുന്നോ?

അക്രമികൾ ആരുമാകട്ടെ, അവരെ നിയന്ത്രിക്കണം, അതോടൊപ്പം നമ്മൾ ജാഗ്രത പാലിക്കുകയും വേണം. പ്രത്യേകിച്ച് സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ വർധിക്കുന്ന ഈ കാലത്ത്. പ്രണയക്കൊലയും ലഹരിയും മറ്റു അനാശാസ്യങ്ങളും സർവ നിയന്ത്രണങ്ങളും തകർത്ത് കുതിച്ചുയരുമ്പോൾ കൗമാരപ്രായക്കാർക്ക് അൽപം നിയന്ത്രണം ആവശ്യമാണെന്ന കാര്യത്തിൽ ശരാശരിക്ക് മുകളിൽ ചിന്തിക്കുന്ന ആർക്കും സംശയമുണ്ടാകില്ല. മക്കളെ പഠിക്കാനയച്ച നല്ലൊരു ശതമാനം രക്ഷിതാക്കളും ആഗ്രഹിക്കുന്നത് ഇതാണ്. രാത്രി തിയേറ്ററുകളിലും മറ്റും കാമുകനോടൊപ്പവും കാമുകിയോടൊപ്പവും ചുറ്റിക്കറങ്ങി ശീലച്ചവർക്ക് രാത്രി 9:30ന് ഹോസ്റ്റലിൽ തിരിച്ചെത്തണമെന്ന സർക്കുലർ തലവേദനയുണ്ടാക്കുക സ്വാഭാവികമാണ്.

ക്യാമ്പസുകളിൽ വർധിച്ചു വരുന്ന മയക്കുമരുന്നടക്കമുള്ള ലഹരി വസ്തുക്കളുടെ ഉപയോഗവും വിപണനവും ഇതോട് ചേർത്ത് വായിക്കേണ്ടതുണ്ട്. 'എന്റെ ശരീരം എന്റെ അവകാശമാണ്' എന്ന് വാദിക്കുന്ന, അതിനുവേണ്ടി കൊടിപിടിക്കുന്ന ലിബറലുകൾ ഇന്ന് ഇത്തരം ആശയങ്ങൾ, നിഷ്കളങ്കരായി ക്യാമ്പസുകളിൽ എത്തുന്ന ഒന്നാം വർഷ വിദ്യാർഥി-വിദ്യാർഥിനികളുടെ മനസ്സിൽവരെ വളരെ ബോധപൂർവം 'ഇഞ്ചക്ട്' ചെയ്യുന്നു എന്നത് ഒരു യാഥാർഥ്യമാണ്. ഇതിനെ തുടർന്നാണ് ധാർമികതയ്ക്കും സദാചാര മൂല്യങ്ങൾക്കും മതബോധത്തിനുമൊന്നും യാതൊരു വിലയും കൽപിക്കാതെ യുക്തിചിന്തയുടെയും സ്വതന്ത്രതാവാദത്തിന്റെയും ആളുകളായി കുട്ടികൾ മാറ്റപ്പെടുന്നത്.

ഏതാനും ലിബറലുകൾ മുദ്രാവാക്യം വിളിക്കുമ്പോഴേക്കും സർവകലാശാല ഹൈക്കോടതിയിൽ പറഞ്ഞ നിലപാടിൽ നിന്ന് പുറകോട്ട് പോകരുത്, സർക്കാർ സമ്മർദത്തിന് വിധേയമായി എടുത്ത തീരുമാനം മാറ്റുകയും ചെയ്യരുത് എന്നാണ് പറയാനുള്ളത്.



**വൈവിധ്യങ്ങളും അഭിപ്രായ വ്യത്യാസങ്ങളും ബഹുമാനിക്കപ്പെടുന്ന ജനാധിപത്യക്രമം ഫാഷിസ്റ്റ് മേൽകോയ്മക്ക് കീഴിൽ സുരക്ഷിതമല്ലെന്ന ആശങ്കയെ ശരിവെക്കുന്ന രീതിയിലാണിപ്പോൾ ഏകീകൃത വ്യക്തിനിയമം ചർച്ചയായിക്കൊണ്ടിരിക്കുന്നത്. ഭരണഘടനാ നിർമാണ സമയം മുതൽ ഫെഡറൽ സംവിധാനങ്ങൾക്കെതിരെ ശക്തമായി ശബ്ദിച്ച രാഷ്ട്രീയധാരയുടെ വക്താക്കൾ തന്നെയാണ് ഇപ്പോഴും ഇത്തരം നടപടികൾക്ക് മുൻകയ്യെടുക്കുന്നത് എന്നതാണ് ഏറെ ആശങ്കകൾ സൃഷ്ടിക്കുന്നത്.**

# ഏക സിവിൽ കോഡ്: സർവരെയും ബാധിക്കുന്ന കുരുക്ക്

**മുജീബ് ഒട്ടുമ്മൽ**
:9744431890

'ജനാധിപത്യത്തിന് രണ്ട് അഭിനന്ദനങ്ങൾ: ഒന്ന് അത് വൈവിധ്യം അംഗീകരിക്കുന്നു. രണ്ട് വിമർശനം അനുവദിക്കുന്നു'- ഇംഗ്ലീഷ് സാഹിത്യകാരനായ ഇ.എം ഫോസ്റ്റർ ജനാധിപത്യത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള തന്റെ കൃതിയിൽ രേഖപ്പെടുത്തിയ വരികളാണിത്. വൈവിധ്യങ്ങളും അഭിപ്രായ വ്യത്യാസങ്ങളും ബഹുമാനിക്കപ്പെടുന്ന ജനാധിപത്യക്രമം ഫാഷിസ്റ്റ് മേൽകോയ്മക്ക് കീഴിൽ സുരക്ഷിതമല്ലെന്ന ആശങ്കയെ ശരിവെക്കുന്ന രീതിയിലാണിപ്പോൾ ഏകീകൃത വ്യക്തിനിയമം ചർച്ചയായിക്കൊണ്ടിരിക്കുന്നത്. ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎയുടെ പ്രകടനപത്രികകളിലെ പ്രധാന വാഗ്ദാനങ്ങളിൽ ഒന്നാണ് ഏകീകൃത സിവിൽ കോഡ്. എന്നാൽ നിർദേശക തത്ത്വങ്ങളെക്കാൾ ഭരണഘടന പ്രാമുഖ്യം നൽകുന്നത് പൗരന്റെ മൗലികമായ അവകാശങ്ങൾക്കാണ് എന്ന് ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുന്നതിനെകുറിച്ച് പഠിക്കാൻ മോഡി സർക്കാർ നിയോഗിച്ച ബിഎസ് ചൗഹാൻ കമ്മീഷൻ അഭിപ്രായപ്പെടുന്നുണ്ട്. മറ്റു നിയമവിദഗ്ധരും ഇതിനെ ശരിവെക്കുന്നുണ്ട്. ഭരണഘടനയിലെ 44ാം അനുഛേദപ്രകാരം ഏക സിവിൽ കോഡ് നടപ്പിലാക്കണമെന്ന് നിർദേശക തത്വങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രായോഗികമായി നടപ്പാക്കുന്നതിൽ ചില പരിമിതികളുണ്ടെന്നും പൗരൻമാരുടെ വ്യക്തിസ്വാതന്ത്ര്യം കൂടി പരിഗണിച്ചുകൊണ്ട് മാത്രമെ ഇത്തരം തീരുമാനങ്ങൾ നടപ്പിലാക്കാനാകൂവെന്നും ഭരണഘടന നിയമനിർമാണ സമിതിയുടെ പ്രധാന ഉപദേശകരിലൊരാളായിരുന്ന ബിഎൻ റാവു അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഓരോ ചെറിയ സാമൂഹ്യ വിഭാഗത്തിനും അവരുടെ സംസ്കാരവും മൂല്യവ്യവസ്ഥയും വലിയ ഒരു ദേശീയ സമൂഹത്തിനകത്ത് പരസ്പരം ഉരസലില്ലാതെ തന്നെ നിലനിറുത്താൻ അവസരം നൽകണമെന്നതാണ് സാംസ്കാരിക ബഹുസ്വരതാവാദം മുന്നോട്ട് വെക്കുന്നത്. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയാണ് ഭരണഘടനയുടെ അന്തിമലക്ഷ്യസ്ഥാനം. അതിൽതന്നെ സാമൂഹ്യനീതി എന്ന ലക്ഷ്യത്തിനാണ് പ്രഥമ പരിഗണന. വിശ്വാസത്തിനും ആവിഷ്കാരത്തിനും ആചാരണത്തിനുമുള്ള സ്വാതന്ത്ര്യം, സ്ഥിതിയിലും അവസരത്തിലുമുള്ള സമത്വം, വ്യക്തിയുടെ മഹത്ത്വവും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിടുക്കുന്ന സാഹോദര്യം എന്നീ പീഠിക തത്ത്വങ്ങൾ സാമൂഹ്യനീതിയിലേക്കും സാമൂഹ്യ, രാഷ്ട്രീയ ബഹുസ്വരതയിലേക്കുമുള്ള രാജപാതകളാണ്.

രാഷ്ട്രീയ ആവാസ വ്യവസ്ഥയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അധികാര ഘടനയിലും നയരൂപീകരണത്തിലും കാര്യക്ഷമമായി പങ്കെടുക്കാമെന്നു മാത്രമല്ല, അവരുടെ സാംസ്കാരിക അസ്തിത്വത്തെ സംരക്ഷിക്കാനും സാധിക്കും വിധമുള്ളതാണ് നമുടെ ജനാധിപത്യം.

ഭരണഘടന നിർമാണ സമിതിയംഗങ്ങളുടെയും നിയമ വിചക്ഷണൻമാരുടെയും പഠനങ്ങളും അഭിപ്രായങ്ങളും ഏക സിവിൽകോഡിന്റെ അപ്രായോഗികതയെ ഉയർത്തിക്കാണിച്ചിട്ടും അത് നടപ്പിലാക്കാനുള്ള സംഘപരിവാങ്ങളുടെ ആവേശത്തിന് ചില കാരണങ്ങളുണ്ടാകും. ഹിംസാത്മക ഫാഷിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ ഉപോൽപന്നമായ വെറുപ്പും വിദ്വേഷവും വിഭാഗീയതയും തേടുന്ന മാർഗം അതായിരിക്കുമെന്നതാണ് വാസ്തവം.

ഇന്നത്തെ കേന്ദ്ര ഭരണകക്ഷി പ്രതിനിധീകരിക്കുന്ന രാഷ്ട്രീയധാര ഫെഡറലിസം എന്ന ആശയത്തിന് എതിരായിരുന്നു. ഭരണഘടന നിർമാണ പ്രക്രിയയിലെ ആദ്യ തദ്ദേശീയ കാൽവയ്പായ 1928 ലെ മോത്തിലാൽ നെഹ്റു റിപ്പോർട്ടിൽ ഫെഡറലിസം എന്ന ആശയം മുന്നോട്ടു വെച്ചപ്പോൾ ഹിന്ദു മഹാസഭ അതിനെ നിശിതമായി എതിർക്കുകയും യൂണിറ്ററി സംവിധാനത്തിന് വേണ്ടി വാദിക്കുകയുമാണ് ചെയ്തത്. 1961ൽ ദേശീയ ഉദ്ഗ്രഥന സമിതിക്ക് അയച്ച കത്തിൽ സംഘ് പ്രസ്ഥാനത്തിന്റെ താത്വികാചാര്യനായ എംഎസ് ഗോൾവാൾക്കർ പ്രസ്താവിച്ചതിങ്ങനെയാണ്: "ഇന്ന് നിലവിലുള്ള ഫെഡറൽ സംവിധാനം വിഘടനവാദത്തിന് ജൻമം നൽകുന്നുവെന്ന് മാത്രമല്ല അതിനെ പോഷിപ്പിക്കുകയും ചെയ്യുന്നു. ഏകരാഷ്ട്രം എന്ന വസ്തുത അത് നിഷേധിക്കുകയും അതിനെ നശിപ്പിക്കുകയും ചെയ്യുന്നു. ഫെഡറലിസത്തെ നീക്കം ചെയ്തുകൊണ്ട് ഭരണഘടനയെ ശുദ്ധീകരിക്കേണ്ടതുണ്ട്. അതിന് പകരം ഒരു യൂണിറ്ററി ഭരണ സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്."



**വൈവിധ്യങ്ങളും അഭിപ്രായ വ്യത്യാസങ്ങളും ബഹുമാനിക്കപ്പെടുന്ന ജനാധിപത്യക്രമം ഫാഷിസ്റ്റ് മേൽകോയ്മക്ക് കീഴിൽ സുരക്ഷിതമല്ലെന്ന ആശങ്കയെ ശരിവെക്കുന്ന രീതിയിലാണിപ്പോൾ ഏകീകൃത വ്യക്തിനിയമം ചർച്ചയായിക്കൊണ്ടിരിക്കുന്നത്. ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎയുടെ പ്രകടനപത്രികകളിലെ പ്രധാന വാഗ്ദാനങ്ങളിൽ ഒന്നാണ് ഏകീകൃത സിവിൽ കോഡ്. എന്നാൽ നിർദേശക തത്ത്വങ്ങളെക്കാൾ ഭരണഘടന പ്രാമുഖ്യം നൽകുന്നത് പൗരന്റെ മൗലികമായ അവകാശങ്ങൾക്കാണ് എന്ന് ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുന്നതിനെ കുറിച്ച് പഠിക്കാൻ മോഡി സർക്കാർ നിയോഗിച്ച ബിഎസ് ചൗഹാൻ കമ്മീഷൻ അഭിപ്രായപ്പെടുന്നുണ്ട്. മറ്റു നിയമവിദഗ്ധരും ഇതിനെ ശരിവെക്കുന്നുണ്ട്. ഭരണഘടനയിലെ 44ാം അനുഛേദപ്രകാരം ഏക സിവിൽ കോഡ് നടപ്പിലാക്കണമെന്ന് നിർദേശക തത്വങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രായോഗികമായി നടപ്പാക്കുന്നതിൽ ചില പരിമിതികളുണ്ടെന്നും പൗരൻമാരുടെ വ്യക്തിസ്വാതന്ത്ര്യം കൂടി പരിഗണിച്ചുകൊണ്ട് മാത്രമെ ഇത്തരം തീരുമാനങ്ങൾ നടപ്പിലാക്കാനാകൂ.**

> **വിചാരധാരയിലൂടെ ഗോൾവാൾക്കർ വ്യക്തമാക്കിയതിങ്ങനെയാണ്: "ഭാരതമെന്ന രാഷ്ട്രത്തിന്റെ ഉള്ളിലുള്ള സ്വയംഭരണമോ അർധ സ്വയംഭരണമോ ഉള്ള സ്റ്റേറ്റുകളെ പൂർണമായും നിർമാർജനം ചെയ്യുന്നതിനുള്ള ഏറ്റവും പ്രധാനവും ഫലപ്രദവുമായ കാൽവയ്പ് നമ്മുടെ രാഷ്ട്രത്തിന്റ ഭരണഘടനയിലെ ഫെഡറലിസത്തെ സംബന്ധിച്ച എല്ലാ ചർച്ചയും ആഴത്തിൽ കുഴിച്ചുമൂടുക എന്നതാണ്. നമ്മുടെ ഏകീകൃത മൈത്രിക്ക് ഭംഗം വരുത്താൻ പ്രാദേശികവും വിഭാഗീയവും ഭാഷാപരവുമായ അഭിമാനങ്ങളെ അനുവദിച്ചുകൂടാ. നമ്മുടെ ഭരണഘടനയെ പുനഃപരിശോധിക്കുകയും തിരുത്തി എഴുതുകയും ഒരു യൂണിറ്ററി സംവിധാനം സ്ഥാപിക്കുകയും വേണം.''**

വിചാരധാരയിലൂടെ ഗോൾവാൾക്കർ വ്യക്തമാക്കിയതിങ്ങനെയാണ്: "ഭാരതമെന്ന രാഷ്ട്രത്തിന്റെ ഉള്ളിലുള്ള സ്വയംഭരണമോ അർധ സ്വയംഭരണമോ ഉള്ള സ്റ്റേറ്റുകളെ പൂർണമായും നിർമാർജനം ചെയ്യുന്നതിനുള്ള ഏറ്റവും പ്രധാനവും ഫലപ്രദവുമായ കാൽവയ്പ്പ് നമ്മുടെ രാഷ്ട്രത്തിന്റ ഭരണഘടനയിലെ ഫെഡറലിസത്തെ സംബന്ധിച്ച എല്ലാ ചർച്ചയും ആഴത്തിൽ കുഴിച്ചുമൂടുക എന്നതാണ്. നമ്മുടെ ഏകീകൃത മൈത്രിക്ക് ഭംഗം വരുത്താൻ പ്രാദേശികവും വിഭാഗീയവും ഭാഷാപരവുമായ അഭിമാനങ്ങളെ അനുവദിച്ചുകൂടാ. നമ്മുടെ ഭരണഘടനയെ പുനഃപരിശോധിക്കുകയും തിരുത്തി എഴുതുകയും ഒരു യൂണിറ്ററി സംവിധാനം സ്ഥാപിക്കുകയും വേണം."

ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യത്തെ ഭരണ, രാഷ്ട്രീയ തലത്തിൽ പ്രതിഫലിപ്പിക്കുന്ന ഫെഡറലിസത്തെ മാത്രമല്ല, വികേന്ദ്രീകൃത അധികാരഘടനയെയും ജനാധിപത്യത്തെയും സാംസ്കാരിക ബഹുസ്വരതയെയുമെല്ലാം ശത്രുസ്ഥാനത്ത് പ്രതിഷ്ഠിച്ചവരാണ് ഏക സിവിൽകോഡ് നടപ്പിലാക്കാൻ ധൃതിപ്പെടുന്നതെന്ന കാര്യം തന്നെ ഇവരുടെ താൽപര്യമെന്തെന്ന് ബോധ്യപ്പെടുത്തുന്നുണ്ട്.

**പ്രതിഷേധം യാഥാസ്ഥിതികതയോ?**

വൈവിധ്യങ്ങളുടെ ഇന്ത്യൻ പൈതൃകം ഏകസിവിൽ കോഡിലൂടെ തകർക്കാനുള്ള നീക്കത്തെ വിമർശിക്കാനും ചോദ്യം ചെയ്യാനുമുള്ള അവകാശം ജാനിധിപത്യ ബോധമുള്ള ഓരോ പൗരനുമുണ്ട്. പ്രതിഷേധങ്ങളെയും വിമർശനങ്ങളെയും അടിച്ചമർത്തുന്നതിന് കൊളോണിയൽ ശക്തികളെ അനുകരിക്കുന്ന ശൈലിയാണ് സംഘപരിവാര രാഷ്ട്രീയം കാലങ്ങളായി പിന്തുടരുന്നത്. രാജ്യത്തിനും സമൂഹത്തിനും പൈതൃകത്തിനും വിരുദ്ധമായി ഭവിക്കുന്ന നിയമനിർമാണങ്ങൾക്കെതിരെ വരുന്ന സ്വാഭാവിക പ്രതികരണ ശബ്ദങ്ങളെ മതവും ജാതിയും വർഗവുമായി വേർതിരിച്ച് മറുപടി നൽകുന്ന ശൈലിയാണ് സർക്കാർ സ്വീകരിക്കുന്നത്.

ഏക സിവിൽ കോഡ് വിഷയത്തിൽ പുരോഗമന നാട്യക്കാരുടെയും സംഘപരിവാരങ്ങളുടെയും ഒറ്റതിരിച്ചുള്ള പ്രത്യാക്രമണത്തിന് കൂടുതലും വിധേയരാകുന്നത് മുസ്‌ലിംകളാണെന്നാണ് അനുഭവം. ഇന്ത്യയിലെ പ്രധാന മത, ജാതി വൈജാത്യങ്ങൾക്കനുസരിച്ച് ഓരോ വ്യക്തിക്കും പ്രത്യേകം പ്രത്യേകം ബാധകമാകുന്ന രീതിയിൽ ഇപ്പോൾ നിലവിലുള്ള വ്യക്തിനിയമത്തെ നീക്കി എല്ലാ ഇന്ത്യക്കാർക്കും ഒരേ രീതിയിൽ ബാധകമാകുന്ന തരത്തിൽ ഒരു പൊതുവ്യക്തിനിയമ സംഹിതയായ ഏക സിവിൽ കോഡ് എന്ന ആവശ്യം ഉയർന്ന് വന്നപ്പോഴെല്ലാം മുസ്‌ലിം യാഥാസ്ഥിതിക വിഭാഗങ്ങൾ അതിനെ പ്രതിരോധിക്കാൻ വന്നിട്ടുണ്ടെന്ന് മൊഴിഞ്ഞാണ് ഒറ്റതിരിക്കാൻ അധികാരികൾ ശ്രമിക്കാറുള്ളത്.

ഏകീകൃത സിവിൽ കോഡ് വരുമ്പോൾ മുസ്‌ലിംകളുടെ മത സ്വാതന്ത്ര്യവും സാംസ്കാരിക സ്വത്വവും നഷ്ടപ്പെടുമെന്ന ആശങ്കയെയും ഹിന്ദുകോഡ് അടിച്ചേൽപിക്കുമെന്ന ആരോപണത്തെയും ബഹുസ്വരത തകർക്കുമെന്ന ഭീതിയെയും അപഹാസ്യമായ ദുർന്യായങ്ങൾ നിരത്തി പ്രതിരോധിക്കാനാണ് അധികൃതർ ശ്രമിക്കുന്നതെന്നത് തീർത്തും പ്രതിലോമകരമാണ്. ലോകത്ത് ഇസ്‌ലാംഭീതി പടർത്താൻ വേണ്ടി ഊഹങ്ങളും മിഥ്യകളും പ്രചരിപ്പിക്കുന്നത് പോലെ മതത്തെ കുറിച്ചും അതിലെ ആചാരങ്ങളെ കുറിച്ചും യാതൊരു ധാരണയുമില്ലാതെ ഇത്തരം വിഷയങ്ങളെ കൈകാര്യം ചെയ്യുന്ന രീതി താഴെയുള്ള കുറിപ്പിൽനിന്ന് വായിക്കാൻ പറ്റും:

"എന്നാൽ മതവിശ്വാസങ്ങളുടെയോ മതാചാരങ്ങളുടെയോ ഏകീകരണമല്ല, പൗരനിയമങ്ങളുടെ ഏകീകരണമാണ് സിവിൽകോഡ് ലക്ഷ്യമിടുന്നത്. ഇസ്‌ലാമിന്റെ ഈശ്വരാരാധനമുറകളായ പ്രാർഥന (നമസ്കാരം), വ്രതം, സക്കാത്ത്, ഹജ്ജ് എന്നീ മേഖലകളിലും പൊതുപൗരനിയമം കൈകടത്തുന്ന പ്രശ്നമുദിക്കുന്നില്ല. എന്നാൽ ഈ വസ്തുത മനസ്സിലാക്കാതെ പൗരനിയമ ഏകീകരണം മുസ്‌ലിംകളുടെ മതസ്വാതന്ത്ര്യം നഷ്ടപ്പെടുത്തുമെന്ന് വാദിക്കുന്നു."

ഇസ്‌ലാം എന്നാൽ ജീവിതത്തിന്റ സർവതലസ്പർശിയായ നിയമങ്ങളുടെയും ആചാരങ്ങളുടെയും വിശ്വാസത്തിന്റയും സംഗ്രഹമാണെന്നറിയാത്തവരുടെ കേവലം ചില ജൽപനങ്ങളാണിത്. ഇസ്‌ലാം സർവ്വ കാലങ്ങളിലെയും പ്രായോഗികമായ ജീവിത ദർശനമാണ്. അതിലേത് നിയമങ്ങളായാലും മനുഷ്യ പ്രകൃതിക്ക




ഓറിയന്റലിസ്റ്റുകളും പശ്ചാത്യരും പടച്ചുവിടുന്ന വിമർശനങ്ങളെയും സങ്കൽപങ്ങളെയും വാരിപ്പുണർന്നുകൊണ്ടുള്ള നിരീക്ഷണം അബദ്ധങ്ങളിലേക്കെത്തിക്കുമെന്നതിന്റ ഉദാഹരണങ്ങളാണിതെല്ലാം. സ്ത്രീ സുരക്ഷ കേവലം സ്വയം ബാധ്യതയാണെന്നതിനപ്പുറം പ്പുറമായ യാതൊരു അബദ്ധവും വരില്ലെന്ന് വിശ്വസിക്കുന്നവരാണ് മുസ്‌ലിംകൾ. കാരണം അത് ദൈവീക മതമാണ്. പ്രത്യേകിച്ച് വിവാഹം, വിവാഹ മോചനം, അനന്തരസ്വത്തവകാശം, ജീവനാംശം, വിൽപത്രം, ദത്തെടുക്കൽ എന്നിവയിലെല്ലാം കൃത്യമായ മാർഗ നിർദേശങ്ങൾ മുന്നോട്ട് വെക്കുന്നുണ്ട്. മാനവികതയുടെ ഏത് അളവുകോൽ കൊണ്ട് അളന്നാലും യാതൊരു വീഴ്ചയും അതിൽ കണ്ടെത്താനാവില്ലെന്ന് ഉറച്ച് വിശ്വസിക്കുന്നവരാണ് മുസ്‌ലിംകൾ. മാത്രമല്ല മുൻധാരണയില്ലാതെ നിഷ്പക്ഷവും സ്വതന്ത്രവുമായ പഠനങ്ങൾ അതിനെ ശരിവെക്കുന്നതായി കാണാം. ഇത് വ്യക്തി നിയമമായി മതം അനുശാസിക്കുന്നത് പോലെ പ്രവർത്തിക്കാൻ ഇന്ത്യൻ ഭരണഘടന അവകാശം നൽകുന്നതുമാണ്. വിവാഹമോചനം, സ്വത്തവകാശം എന്നിവയിൽ സ്ത്രീ വിരുദ്ധത ആരോപിച്ചാണ് പലരും ഇതിനെതിരെ വാചാലമാകാറുള്ളത്.

മതത്തെ വിമർശകരിൽനിന്ന് വായിച്ച് തെറ്റിദ്ധാരണകളിലഭിരമിക്കുന്നവരാണ് ആരോപണങ്ങൾക്ക് നേതൃത്വം നൽകാറുള്ളത്. എന്നാൽ തികച്ചും സുരക്ഷയും നിർഭയത്വവും നീതിയും പ്രദാനം ചെയ്യുന്ന വ്യക്തമായ മാർഗനിർദേശങ്ങളാണിതെന്ന് ശരീഅത്ത് അനുസരിച്ച് ജീവിക്കുന്നവർക്ക് ബോധ്യപ്പെടുന്ന കാര്യമാണ്.

**ഏക സിവിൽ കോഡ് വിഷയത്തിൽ പുരോഗമന നാട്യക്കാരുടെയും സംഘപരിവാരങ്ങളുടെയും ഒറ്റതിരിച്ചുള്ള പ്രത്യാക്രമണത്തിന് കൂടുതലും വിധേയരാകുന്നത് മുസ്‌ലിംകളാണെന്നാണ് അനുഭവം. ഇന്ത്യയിലെ പ്രധാന മത, ജാതി വൈജാത്യങ്ങൾക്കനുസരിച്ച് ഓരോ വ്യക്തിക്കും പ്രത്യേകം പ്രത്യേകം ബാധകമാകുന്ന രീതിയിൽ ഇപ്പോൾ നിലവിലുള്ള വ്യക്തിനിയമത്തെ നീക്കി എല്ലാ ഇന്ത്യക്കാർക്കും ഒരേ രീതിയിൽ ബാധകമാകുന്ന തരത്തിൽ ഒരു പൊതുവ്യക്തിനിയമ സംഹിതയായ ഏക സിവിൽ കോഡ് എന്ന ആവശ്യം ഉയർന്ന് വന്നപ്പോഴെല്ലാം മുസ്‌ലിം യാഥാസ്ഥിതിക വിഭാഗങ്ങൾ അതിനെ പ്രതിരോധിക്കാൻ വന്നിട്ടുണ്ടെന്ന് മൊഴിഞ്ഞാണ് ഒറ്റതിരിക്കാൻ അധികാരികൾ ശ്രമിക്കാറുള്ളത്.**

കുടുംബത്തിനും സമൂഹത്തിനും ഉത്തരവാദിത്തം നൽകി കൂടുതൽ ഭദ്രത നൽകുന്നതാണ് ഇസ്‌ലാമിലെ വിവാഹവും വിവാഹ മോചനവും സ്വത്തവകാശവുമെല്ലാമെന്ന് തിരിച്ചറിയാൻ നിഷ്പക്ഷ പഠനങ്ങൾക്ക് കഴിയും.

### സർവരെയും ബാധിക്കുന്ന കുരുക്ക്

ഒരു രാജ്യം, ഒരു നിയമം, ഒരു ഭാഷ, ഒരു തെരഞ്ഞെടുപ്പ്, ഒരു നേതാവ് എന്ന തലത്തിലേക്കുള്ള രാജ്യത്തിന്റെ രാഷ്ട്രീയ പരിണാമത്തിനായി ശ്രമിക്കുന്ന സാഹചര്യത്തിൽ ഏക സിവിൽ കോഡ് വീണ്ടും ചർച്ചയായിരിക്കുന്നു. തുല്യ നീതി ഉറപ്പ് വരുത്തുന്നതിനും രാജ്യത്തിന്റെ അഖണ്ഡത സംരക്ഷിക്കുന്നതിനും എല്ലായിടത്തും ഒരേ നിയമം കൊണ്ടുവരുന്നതിനുമാണ് എന്ന ലക്ഷ്യത്തിലേക്കുള്ള ആത്മാർഥതയിൽ സംശയിക്കത്തക്കവിധമാണ് സംഘപരിവാര സമീപനം സമൂഹത്തിൽ ചർച്ചയാകുന്നത്.

യഥാർഥത്തിൽ രാജ്യത്തെ മൊത്തം ജനങ്ങളെയും അവരുടെ സംസ്കാരങ്ങളെയും ദോഷകരമായി ബാധിക്കുന്ന ഒന്നാണ് ഏക സിവിൽ കോഡ്. കാരണം ഇന്ത്യൻ സിവിൽ നിയമങ്ങളിൽ ഭൂരിഭാഗവും ഇപ്പോൾ ഏകീകൃതമാണ്. ഇന്ത്യൻ കോൺട്രാക്റ്റ് ആക്റ്റ്, സിവിൽ പ്രൊസീജ്യർ കോഡ്, ട്രാൻസ്ഫർ ഫോർ പ്രോപർട്ടി ആക്റ്റ്, പാർടണർഷിപ് ആക്ട്, എവിഡൻസ് ആക്ട് എന്നിവ രാജ്യത്ത് മുഴുവൻ ബാധകമായ നിയമങ്ങളാണ്. മതവുമായി ബന്ധപ്പെട്ട് കിടക്കുന്ന വ്യക്തിനിയമങ്ങളിലാണ് ഏകീകരണം കൊണ്ടുവരാത്തത്. വിവിധ സംസ്കാരങ്ങളിലും മതാചാരങ്ങളിലും ജീവിക്കുന്നവർക്ക് ഒരേ നിയമം കൊണ്ടു വരുന്നതിൽ അപ്രായോഗികതയുണ്ട്. പ്രാദേശികമായ നിയമങ്ങളിൽ പോലും വൈവിധ്യവും വകഭേദവുമുണ്ട്. മോട്ടോർ വാഹന നിയമത്തിൽ 2019ൽ കേന്ദ്രം നിയമം കൊണ്ടുവന്നപ്പോൾ ആ വ്യത്യാസം

നാം അനുഭവിച്ചതാണ്. വ്യക്തി നിയമങ്ങളല്ലാത്ത മേഖലകളിൽ പോലും പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് നിയമങ്ങളിൽ ചില വ്യതിയാനങ്ങളും പ്രത്യേകതകളും അനിവാര്യമാണ്. ക്രിമിനൽ നിയമങ്ങളിൽ വരെ ഏകതാനത പ്രായോഗികമല്ലെന്ന് സാരം.

സംസ്ഥാനങ്ങൾക്കനുസരിച്ച് പോലും വിവിധ കുറ്റകൃത്യങ്ങളും നടപടിക്രമങ്ങളുമുണ്ട്. പല കുറ്റകൃത്യങ്ങളും ചില സംസ്ഥാനങ്ങളിൽ മാത്രം പരിമിതമായാണ് നിലനിൽക്കുന്നത്. ഗുജറാത്തിൽ മദ്യപിക്കുന്നത് പത്ത് വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. ബീഹാറിലാവട്ടെ മറ്റൊരു നിയമവുമാണ്. മക്കോക്ക (മഹാരാഷ്ട്ര കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈം ആക്ട്) പോലെ ചില സംസ്ഥാനങ്ങളിൽ മാത്രം പരിമിതപ്പെടുന്ന നിയമങ്ങളാണ്. അതായത് സമ്പൂർണമായ അർഥത്തിൽ ഒരു രാജ്യത്ത് ഒരു നിയമം എന്നത് ക്രിമിനൽ നിയമങ്ങളിൽ പോലും അസാധ്യമായ കാര്യമാണ്. ഭരണഘടനയുടെ അനുഛേദം 370 നൽകിയ പ്രത്യേക പദവി അനുസരിച്ച് ഇന്ത്യയിലെ നിയമങ്ങളെല്ലാം ജമ്മു കാശ്മീരിൽ ബാധകമായിരുന്നില്ല. അനുഛേദം 371 അനുസരിച്ച് ആസാം, നാഗാലാന്റ് മിസോറാം, ആന്ധ്ര പ്രദേശ്, ഗോവ തുടങ്ങിയ സംസ്ഥാനങ്ങൾക്ക് കുടുംബനിയമങ്ങളെ സമ്പന്ധിച്ച് ചില പ്രത്യേക പരിരക്ഷകളുണ്ട്. 1915ലെയും 1935 ലെയും ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ടിൽ വടക്ക് കിഴക്കൻ മേഖലയ്ക്ക് പ്രത്യേക പരിരക്ഷ ഉണ്ടായിരുന്നു. ഭരണഘടനയുടെ അനുഛേദം 371 (എ) അനുസരിച്ച് നാഗാ വിഭാഗങ്ങളുടെ മതപരമോ സാമൂഹികമോ ആയ ആചാരങ്ങൾ, വ്യവഹാരിക നിയമങ്ങൾ, നടപടിക്രമങ്ങൾ, വ്യാവഹാരിക നിയമങ്ങൾ ഉൾപെടുന്ന സിവിൽ/ ക്രിമിനൽ നീതിനിർവഹണം, ഭൂമിയുടെ ഉടമസ്ഥതയും കൈമാറ്റവും മുതലായ കാര്യങ്ങൾക്ക് പരിരക്ഷയുണ്ട്. ഇത് സമ്പന്ധിച്ച് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ യാതൊരു നിയമവും നാഗാലാന്റ് നിയമസഭയുടെ അംഗീകാരമില്ലാതെ അവിടെ ബാധകമാവുകയില്ല. 1973ലെ ക്രിമിനൽ നടപടി ക്രമങ്ങൾ നാഗാലാന്റിൽ ബാധകമല്ല. മേഘാലയിലെ ആദിവാസി മേഖലയിൽ നിലനിൽക്കുന്ന പിന്തുടർച്ചാവകാശ നിയമം മറ്റിടങ്ങളിൽ ഉള്ളതിൽനിന്നും വ്യത്യസ്തമാണ്. അമ്മ വഴിയാണ് അവിടെ സ്വത്ത് മാറ്റം ചെയ്യപ്പെടുന്നത്. കുടുംബത്തിലെ ഏറ്റവും ഇളയ മകൾക്കാണ് അവകാശം. വിവാഹം കഴിഞ്ഞ് അവരുടെ ഭർത്താക്കൻമാർ സ്ത്രീകളുടെ വീട്ടിൽ വന്ന് കഴിയുന്നതാണ് അവിടുത്തെ രീതി.

**ഹിന്ദു നിയമങ്ങളിൽ പോലും പ്രാദേശികമായ വൈവിധ്യങ്ങളേറെയുണ്ട്. ഹിന്ദു വിവാഹ നിയങ്ങളനുസരിച്ച് അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹം കുറ്റകരമാണ്. എന്നാൽ ദക്ഷിണേന്ത്യയിൽ അത് സർവസാധാരണവുമാണ്. ഇത്തരം വൈവിധ്യങ്ങളെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ഉൾച്ചേർക്കുകയും അവധാനതയോടെ പരിഷ്കാരങ്ങൾ കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഇന്ത്യയുടെ ഭരണഘടനാപരമായ കീഴ്വഴക്കം. വിവിധ സംസ്ഥാനങ്ങളിൽ വ്യതിരിക്തങ്ങളായ വ്യക്തിനിയമങ്ങളാണ് ഉള്ളത്. ഇന്ത്യയിലെ എല്ലാവർക്കും ഒരുപോലെ ബാധകം എന്ന് നമുക്ക് പറയാൻ കഴിയുന്ന സ്പെഷ്യൽ മാര്യേജ് ആക്ട് ഗോവയിൽ ബാധകമല്ല. പരിഷ്കരിക്കപ്പെട്ട ഹിന്ദു വ്യക്തിനിയമവും ഗോവയിൽ പ്രാബല്യത്തിലില്ല.**

ഹിന്ദു നിയമങ്ങളിൽ പോലും പ്രാദേശികമായ വൈവിധ്യങ്ങളേറെയുണ്ട്. ഹിന്ദു വിവാഹ നിയങ്ങളനുസരിച്ച് അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹം കുറ്റകരമാണ്. എന്നാൽ ദക്ഷിണേന്ത്യയിൽ അത് സർവസാധാരണവുമാണ്. ഇത്തരം വൈവിധ്യങ്ങളെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ഉൾച്ചേർക്കുകയും അവധാനതയോടെ പരിഷ്കാരങ്ങൾ കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഇന്ത്യയുടെ ഭരണഘടനാപരമായ കീഴ്വഴക്കം. വിവിധ സംസ്ഥാനങ്ങളിൽ വ്യതിരിക്തങ്ങളായ വ്യക്തിനിയമങ്ങളാണ് ഉള്ളത്. പുതുച്ചേരിയിൽ ഫ്രഞ്ച് നിയമമാണ് ഇന്നും നിലനിൽക്കുന്നത്. ഇന്ത്യയിലെ എല്ലാവർക്കും ഒരുപോലെ ബാധകം എന്ന് നമുക്ക് പറയാൻ കഴിയുന്ന സ്പെഷ്യൽ മാര്യേജ് ആക്ട് ഗോവയിൽ ബാധകമല്ല. പരിഷ്കരിക്കപ്പെട്ട ഹിന്ദു





വ്യക്തിനിയമവും ഗോവയിൽ പ്രാബല്യത്തിലില്ല.

ജാതി, മത, ഭാഷ, വിശ്വാസ വകഭേദങ്ങളെ തിരിച്ചറിയുകയും സംരക്ഷിക്കുകയും അങ്ങനെ എല്ലാവരെയും ഒറ്റ ഇന്ത്യയുടെ ഭാഗമായി അണിനിരത്തുകയും ചെയ്യുന്നതാണ് ഇന്ത്യൻ മതേതരത്വത്തിന്റ അന്തഃസത്തയെന്ന സുപ്രീം കോടതിയുടെ നിരീക്ഷണം പ്രസക്തമാകുന്നതിവിടെയാണ്. ഭരണഘടന നിർമാണ സഭയിൽ ഏകീകൃത സിവിൽ നിയമം വലിയ ചർച്ചയായിരുന്നു. മതം, ഭാഷ, സംസ്കാരം മുതലായ കാര്യങ്ങളിൽ അതാത് വിഭാഗത്തിന്റ പിന്തുണയില്ലാതെ ഭരണകൂടം ഇടപെടലുകൾ നടത്തുന്നത് വിനാശകരമായ ഫലങ്ങൾ ഉണ്ടാക്കുമെന്ന് അവർ വാദിക്കുകയും അതിൽ ഐക്യപ്പെടുകയും ചെയ്തു.

**ലക്ഷ്യം സാക്ഷാത്കരിക്കുമോ?**

തുല്യനീതിയും സാമൂഹ്യനീതിയും ഉറപ്പ് വരുത്തുകയാണ് ഏകസിവിൽ കോഡിന്റ ലക്ഷ്യമെന്ന് ന്യായീകരിക്കുമ്പോഴും അത് പോലും സാക്ഷാത്കരിക്കാനാവില്ലെന്ന് ചിലയിടങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ഗോവയിൽ നടപ്പിലാക്കിയ ഏകീകൃത നിയമത്തിന്റ പ്രായോഗികതയെ അന്വേഷിച്ചാൽ കൂടുതൽ വ്യക്തത ലഭിക്കും. എല്ലാവരെയും ഒരുപോലെ കാണാൻ അവിടത്തെ നിയമങ്ങൾക്കാകുന്നില്ല എന്ന വിമർശനമുണ്ട്. ചില ഹൈന്ദവ ആചാരങ്ങൾക്ക് അവിടെ പ്രത്യേക സംരക്ഷണമുണ്ട്. വിവാഹവും എല്ലാവർക്കും ഒരേപോലെ കൊണ്ടുവരാനാകുന്നില്ല. കത്തോലിക്കാ വിവാഹങ്ങൾ മറ്റുള്ള വിവാഹ നടപടി ക്രമങ്ങളിൽനിന്നും വ്യത്യസ്തമാണ്. വിവാഹമോചനത്തിനും കത്തോലിക്കർക്കും മറ്റുള്ളവർക്കും വെവ്വേറെ നടപടിക്രമമാണ്. കത്തോലിക്കൻ വിവാഹമോചനം സഭാകോടതികൾക്ക് നിശ്ചയിക്കാമെങ്കിൽ മറ്റുള്ള വിഭാഗങ്ങൾക്ക് സിവിൽ കോടതി വഴിയേ ഇത് സാധ്യമാകൂ. ഗോവൻ സിവിൽ കോഡിൽ ഹിന്ദുക്കളിൽ ബഹുഭാര്യത്വമാകട്ടെ അനുവദനീയവുമാണ്. സ്വത്തവകാശത്തിലും ഏകപക്ഷീയമായ സ്ത്രീ വിരുദ്ധതയുണ്ടെന്ന വിമർശനവും ഉണ്ട്. അതിനാൽ ചർച്ചകളിൽ ഏകസിവിൽ കോഡ് മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന കാര്യമാണെന്ന് ആവർത്തിച്ച് പറയാറുണ്ട്. എല്ലാവരെയും അവരുടെ ജീവിതത്തെയും വ്യവഹാരങ്ങളെയും സാമൂഹ്യക്രമങ്ങളെയും സാരമായി ബാധിക്കുന്നതാണ് ഇത്. എല്ലാ മതങ്ങളുടെയും വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാന ശിലകളെ ബാധിക്കുമെന്നതാണ് പഠനങ്ങൾ തെളിയിക്കുന്നത്.

**തുല്യനീതിയും സാമൂഹ്യനീതിയും ഉറപ്പ് വരുത്തുകയാണ് ഏകസിവിൽ കോഡിന്റ ലക്ഷ്യമെന്ന് ന്യായീകരിക്കുമ്പോഴും അത് പോലും സാക്ഷാത്കരിക്കാനാവില്ലെന്ന് ചിലയിടങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. വിവാഹവും എല്ലാവർക്കും ഒരേപോലെ കൊണ്ടുവരാനാകുന്നില്ല. കത്തോലിക്കാ വിവാഹങ്ങൾ മറ്റുള്ള വിവാഹ നടപടി ക്രമങ്ങളിൽനിന്നും വ്യത്യസ്തമാണ്. വിവാഹമോചനത്തിനും കത്തോലിക്കർക്കും മറ്റുള്ളവർക്കും വെവ്വേറെ നടപടിക്രമമാണ്. ഗോവൻ സിവിൽ കോഡിൽ ഹിന്ദുക്കളിൽ ബഹുഭാര്യത്വമാകട്ടെ അനുവദനീയവുമാണ്. സ്വത്തവകാശത്തിലും ഏകപക്ഷീയമായ സ്ത്രീ വിരുദ്ധതയുണ്ടെന്ന വിമർശനവും ഉണ്ട്. അതിനാൽ ചർച്ചകളിൽ ഏകസിവിൽ കോഡ് മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന കാര്യമാണെന്ന് ആവർത്തിച്ച് പറയാറുണ്ട്. എല്ലാ മതങ്ങളുടെയും വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാന ശിലകളെ ബാധിക്കുമെന്നതാണ് പഠനങ്ങൾ തെളിയിക്കുന്നത്.**

**ഏക സിവിൽ കോഡിനെതിരെ പൊതുബോധമുണരണം**

ആധുനിക ജനാധിപത്യ സമൂഹത്തിന്റ പാകത അളക്കുന്നത് ഓരോ സമൂഹവും അതിലെ വൈവിധ്യങ്ങളെയും വ്യത്യസ്തതകളെയും അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതെങ്ങനെ എന്ന് പരിശോധിച്ചാണ്. സർക്കാറുകളുടെ നിയന്ത്രണങ്ങൾക്കപ്പുറത്ത് വ്യക്തിപരമായ അവകാശങ്ങളും അഭിലാഷങ്ങളും മതവിശ്വാസ സാംസ്കാരിക തെരഞ്ഞെടുപ്പുകളും എത്രമാത്രം സ്വതന്ത്രമായി ഓരോ വ്യക്തിക്കും സാധ്യമാണെന്നത് പ്രധാനമാണ്. അതുകൊണ്ടാണ് നമ്മുടെ ഭരണഘടനയിൽ വിശ്വാസവും മതവും സംസ്കാരവും ഭാഷയും ലിപിയു



മെല്ലാം മൗലികാവകാശങ്ങളുടെ ഭാഗമായത്. രാജ്യത്തിന്റ സുസ്ഥിരമായ നിലനിൽപാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ ഏക സിവിൽ കോഡ് കൊണ്ട് യാതൊരു കാര്യവുമില്ല. ഒരു രാജ്യം ഒരു നിയമം എന്നതാണ് അഖണ്ഡതയുടെ അടിസ്ഥാനമെങ്കിൽ ലോകത്തെ ഏറ്റവും അസ്ഥിരമായ രാജ്യം അമേരിക്ക ആകുമായിരുന്നു. കാരണം അവിടെ ഒരു നിയമമല്ല; ഓരോ സംസ്ഥാനത്തിനും ഓരോ ഭരണഘടനയുണ്ട്. മതരാഷ്ട്രങ്ങളിൽ പോലും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെതായ വ്യക്തി നിയമങ്ങളും ആചാരക്രമങ്ങളും അനുവദിച്ച് കൊടുക്കുന്നുണ്ട്. പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലെയും ഹിന്ദു വ്യക്തിനിയമങ്ങൾ അതിനൊരുദാഹരണമാണ്. എല്ലാ സാംസ്കാരിക പശ്ചാത്തലത്തിൽ നിന്ന് വരുന്നവരും ഒരേ നിയമവും ഒരേ ആചാരക്രമങ്ങളും പിന്തുടരണമെന്ന് പറയുന്നത് ജനാധിപത്യമല്ല, മറിച്ച് ഫാഷിസമാണ്.

ബാബരി മസ്ജിദ് ധ്വംസനം, ഗുജറാത്ത് കലാപം, മുത്ത്വലാഖ് മുതൽ പൗരത്വ ബില്ല് വരെ എത്തിനിൽക്കുന്ന ബിജെപിയുടെ നയങ്ങളിൽ ഏറ്റവും പുതിയ അജണ്ടകളിൽ ഒന്നാണ് ഇപ്പോഴത്തെ ഈ നീക്കം. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഏകീകൃത സിവിൽ കോഡ് സംബന്ധിച്ച ചർച്ചകൾ സജീവമാണ്. ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കാൻ ബിജെപി തയ്യാറാകുമ്പോൾ ഓർക്കേണ്ട ഒരു മുദ്രാവാക്യമുണ്ട്: 'ഒരു രാജ്യം, ഒരു നിയമം, ഒരു ഭരണാധികാരി, ഒരു ഭാഷ.' അങ്ങേയറ്റം ഏകാധിപത്യ സ്വഭാവമുള്ള ഈ മുദ്രാവാക്യം നടപ്പിലാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായിക്കൂടി വേണം ഇപ്പോഴത്തെ സംഭവവികാസങ്ങളെ വിലയിരുത്താൻ.

ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനവും ഭരണഘടന നിർമാണ സഭയും തള്ളിക്കളഞ്ഞ ഏകാത്മകമായ രാഷ്ട്ര ദർശനം നെഞ്ചേറ്റുന്നവർ, ഹിറ്റ്ലർ ഇന്ത്യക്കാർക്ക് അനുകരണീയ മാതൃകയാണെന്ന് പ്രസ്താവിച്ചവർ, നമ്മുടെ ദേശീയ പ്രസ്ഥാനത്തെയും സ്വാതന്ത്ര്യ സമരത്തെയും ഒറ്റുകൊടുത്തവർ സിവിൽ കോഡിനെ കുറിച്ച് സംസാരിക്കുമ്പോൾ ദേശത്തെയും അതിലെ സാംസ്കാരിക വൈവിധ്യത്തെയും ജനാധിപത്യ മൂല്യങ്ങളെയും സ്നേഹിക്കുന്ന സാധാരണ മനുഷ്യർ ആശങ്കാകുലരാകുന്നത് സ്വാഭാവികമാണ്. അതിനാൽ വ്യക്തിനിയമങ്ങളിലെ ഏകതാ രൂപങ്ങൾക്കെതിരെ നിസ്സംഗത വെടിഞ്ഞ് ശക്തമായി മുന്നോട്ട് വരണം. ന്യൂനപക്ഷങ്ങളിലെ ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രം ബാധിക്കുന്നതാണിത് എന്ന ധാരണയിൽ മൗനമായി നിന്നാൽ പല നിയമങ്ങളും മനുഷ്യ ജീവിതത്തെ ദുസ്സഹമാക്കിയത് പോലെ ഇതും നമ്മെ വരിഞ്ഞ് മുറുക്കും. 2000, 500 നോട്ടുകൾ നിരോധിക്കുമ്പോൾ കള്ളപ്പണം പിടിച്ചെടുക്കാനും തീവ്രവാദപ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം തടയാനും ലക്ഷ്യമാക്കിയപ്പോൾ പൊരിവെയിലിലെ ചൂടേറ്റ് വാടിത്തളർന്നത് കള്ളപ്പണക്കാരായിരുന്നില്ല, ഈ രാജ്യത്തിലെ സാധാരണക്കാരായ പച്ച മനുഷ്യരായിരുന്നു.

ഏക സിവിൽ കോഡ് നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി വലിയ പ്രത്യാഘാതങ്ങളാണ് സമൂഹത്തിലുണ്ടാവുക. വ്യക്തി ജീവിതത്തിലെ ഓരോ നിമിഷങ്ങളെയും അത് ബാധിക്കും. അതോടെ ഉണ്ടാകാനിടയുള്ള പ്രതിസന്ധിയെ തരണം ചെയ്യാൻ എല്ലാവരും പാടുപെടേണ്ടിവരും. അപ്പോൾ ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രതിസന്ധി പരിഹരിക്കാൻ എല്ലാവരും രംഗത്തിറങ്ങേണ്ടിവരും. അതിനു മുമ്പ് തന്നെ ജനകീയ വിചാരണയിലൂടെ പരിഹാരം കണ്ടെത്താനും അധികാരികളെക്കൊണ്ട് തിരുത്തിക്കാനും സാധിക്കണം. അങ്ങനെ രാഷ്ട്രത്തിന്റ നൈതികതയും അഖണ്ഡതയും സൗഹാർദവും നിലനിറുത്താൻ പ്രതിജ്ഞാബദ്ധരാവുക നാം.

**ഏക സിവിൽ കോഡ് നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി വലിയ പ്രത്യാഘാതങ്ങളാണ് സമൂഹത്തിലുണ്ടാവുക. വ്യക്തി ജീവിതത്തിലെ ഓരോ നിമിഷങ്ങളെയും അത് ബാധിക്കും. അതോടെ ഉണ്ടാകാനിടയുള്ള പ്രതിസന്ധിയെ തരണം ചെയ്യാൻ എല്ലാവരും പാടുപെടേണ്ടിവരും. അപ്പോൾ ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രതിസന്ധി പരിഹരിക്കാൻ എല്ലാവരും രംഗത്തിറങ്ങേണ്ടിവരും. അതിനു മുമ്പ് തന്നെ ജനകീയ വിചാരണയിലൂടെ പരിഹാരം കണ്ടെത്താനും അധികാരികളെക്കൊണ്ട് തിരുത്തിക്കാനും സാധിക്കണം.**

കാഴ്ച



# സഹായം കൊണ്ട് മുറിപ്പെടുത്തുന്നവർ

**ഇബ്ന അലി**
**എടത്തനാട്ടുകര**

ഉച്ചനേരത്ത് ഒരു അതിഥിയെത്തി. പേരുകേട്ട ഒരു പണ്ഡിതന്റെ മകനാണെന്ന് പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ പിതാവിനെ വായിച്ചിട്ടുണ്ട്. ജ്യേഷ്ഠനെ പരിചയവും ഉണ്ട്. പക്ഷേ, ഇദ്ദേഹത്തെ കേട്ടിട്ടില്ല. സർക്കാർ സർവീസിൽനിന്ന് ഉയർന്ന ഗസറ്റഡ് റാങ്കിൽനിന്ന് വിരമിച്ചു. സമീപ ജില്ലയിൽ താമസം. രണ്ട് ബുക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എഴുത്ത് തുടരുന്നുമുണ്ട്.

ഞാനും എഴുതും എന്ന് കേട്ടപ്പോൾ ചുമ്മാ പരിചയപ്പെടാൻ വന്നതാണ്. എന്റെ ബുക്ക് 'ഓർമകളുടെ ഓലപ്പുരയിൽ' സമ്മാനിച്ചു. നാടിന്റെ ചരിത്രവും സ്കൂൾ, കോളേജ് കാലത്തെ ദാരിദ്ര്യവും ആത്മകഥാംശവും ഒക്കെയുള്ള ഒന്നാണ് എന്ന് പറഞ്ഞപ്പോൾ അദ്ദേഹം അറിയാതെ ഓർമകളിലേക്ക് വീണുപോയി.

കലാലയ കാലത്തെ പ്രയാസങ്ങൾ സ്മരിച്ചു. മമ്പാട് കോളേജിൽ പഠിക്കുമ്പോൾ നാട്ടിൽ വരാൻ കാശ് തികയാതെ കിലോമീറ്ററുകൾ നടന്ന കാര്യം ഓർമിച്ചു. ഒരിക്കൽ ലീവിന് നാട്ടിലേക്ക് ബസ്സിൽ യാത്ര ചെയ്യാൻ കാശ് കുറച്ച് കമ്മി. ആയതിനാൽ ആദ്യം കുറച്ച് നടന്നു പിന്നെ ബസ്സ് പിടിക്കാം എന്ന് തീരുമാനിച്ചു. സഹപാഠിയുമൊന്നിച്ച്, അന്നത്തെ ഇരുമ്പ് 'ട്രങ്ക് പെട്ടി'യും ചുമന്ന് നടക്കുമ്പോൾ ചായക്കടയിൽനിന്ന് ഇറച്ചിക്കറിയുടെ മണം! അതോടെ വിശപ്പ് മൂർച്ഛിച്ചു, മുന്നും പിന്നും നോക്കാതെ ഇരുവരും കടയിൽ കേറി, കഴിച്ചു. കാശ് പിന്നെയും കമ്മിയായി, അഥവാ നടത്തതിന്റെ ദൂരം പിന്നെയും കൂടി!

പഠനത്തിന് നാട്ടിൽ ചിലരുടെയൊക്കെ സഹായം ലഭിച്ചിട്ടുണ്ട്. അതിൽ  ഇടക്ക് 10 രൂപ തന്നിരുന്ന ഒരാളെ ഒരിക്കലും മറക്കില്ല എന്നും പറഞ്ഞു. കാരണം മറ്റൊന്നുമല്ല; ആളെ കാണിച്ച് മാത്രമെ കാശ് നൽകൂ. ഒരിക്കൽ സഹായം തേടി ചെന്നപ്പോൾ പിന്നീട് ചെല്ലാൻ പറഞ്ഞു. കാരണം വേറൊന്നുമല്ല, അപ്പോൾ കാണികൾ ഉണ്ടായിരുന്നില്ല എന്നതുതന്നെ! വീണ്ടും ചെന്നപ്പോൾ 10 രൂപ നോട്ട് എടുത്ത് ചുരുട്ടി നാലാൾ കാൺകെ കൈയിൽ വെച്ചുകൊടുത്തു. മടങ്ങാൻ നേരം 'നീ പഠിക്കുന്നില്ല, സിനിമ കണ്ട് നടക്കുകയാണ് എന്ന് കേട്ടല്ലോ' എന്ന് പിൻവിളി!

സിനിമ കാണൽ പോയിട്ട് നാട്ടിലേക്ക് ബസ്സിനു പോലും കാശ് തികയാതെ നടന്ന് പോയിരുന്നത് ഓർമ വന്നു, രോഷവും സങ്കടവും അഭിമാനക്ഷതവും ഒക്കെയായി അവന്റെ നിയന്ത്രണം കൈവിട്ടുപോയി. അവൻ മടങ്ങിച്ചെന്നു, 'ഇനിയൊരിക്കലും സഹായത്തിനു വേണ്ടി ഈ പടി ഞാൻ കടക്കില്ല' എന്നു പ്രഖ്യാപിച്ചാണ് മടങ്ങിയത്. അത് പാലിക്കുകയും ചെയ്തു.

ആരെയെങ്കിലും സഹായിക്കുകയാണെങ്കിൽ അത് മറ്റാരും അറിയാതെ ചെയ്യണം എന്നത് ഇത് ഓർമപ്പെടുത്തുന്നു. ഓരോരുത്തർക്കും അഭിമാനമുണ്ട്, അത് പണക്കാരന് കൂടുതൽ, പണിക്കാരന് കുറവ് എന്നൊന്നുമില്ല.

ഉയർന്ന പോസ്റ്റിൽ ജോലി ചെയ്യുമ്പോഴും ഏറ്റവും താഴ്ന്ന റാങ്കിലുള്ള ജീവനക്കാരോട് പോലും അദ്ദേഹം മുന്നിലെ കസേരയിൽ ഇരിക്കാൻ ക്ഷണിച്ച ശേഷം മാത്രമെ കാര്യം അന്വേഷിച്ചിരുന്നുള്ളൂ എന്ന് സൂചിപ്പിച്ചു.

ഒരാളെ എത്ര സഹായിച്ചാലും അത് നൽകുന്ന  രീതി ശരിയല്ലെങ്കിൽ അതിലെ നന്മയുടെ അംശം ഇല്ലാതാക്കുക മാത്രമല്ല വിപരീത ഫലം ഉണ്ടാക്കുകയും ചെയ്യും എന്നതാണ് സത്യം. ■




# പ്രവാചകന്മാരുടെ ദൗത്യത്തിന്റെ കാതൽ

സലീം പട്‌ല

മനുഷ്യർക്ക് നന്മതിന്മകളും ശരി തെറ്റുകളും ധർമാധർമങ്ങളും പുണ്യവും പാപവും സന്മാർഗവും ദുർമാർഗവും വേർതിരിച്ച് വ്യക്തമാക്കിക്കൊടുക്കാനും ദൈവിക കൽപനകളനുസരിച്ചു ജീവിച്ച് കാണിച്ചുകൊടുക്കാനും സർവലോകരക്ഷിതാവ് മനുഷ്യരിൽനിന്നുതന്നെ തെരഞ്ഞെടുത്ത് ദൗത്യമേൽപിച്ചു കൊടുത്തവരാണ് പ്രവാചകൻമാർ എന്നും ദൈവദൂതൻമാർ എന്നും അറിയപ്പെടുന്നത്. കാലാകാലങ്ങളിൽ വിവിധ ദേശങ്ങളിൽ, വ്യത്യസ്ത സമൂഹങ്ങളിൽ ദൈവത്താൽ നിയുക്തരായ പ്രവാചകൻമാർ നടത്തിയ പ്രബോധനത്തിന്റെ കാതലായ വശം കണിശമായ ഏകദൈവവിശ്വാസമായിരുന്നു.

‘മനുഷ്യരേ, നിങ്ങളെ സൃഷ്ടിച്ച്, നിങ്ങൾക്ക് വായുവും വെള്ളവും വെളിച്ചവും ആഹാരവും നൽകുകയും സംരക്ഷിച്ച് വളർത്തുകയും ആയുസ്സ് നിർണയിക്കുകയും ചെയ്യുന്ന ഒരു സർവലോക പരിപാലകനുണ്ട്, അവനാണ് അല്ലാഹു. അവൻ ഏകനും പങ്കുകാരില്ലാത്തവനും അതുല്യനും അന്യൂനനും അത്യുന്നതനും മഹാനും പരമപരിശുദ്ധനും മഹത്ത്വപൂർണനുമാണ്. എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമാണ്. അവൻ പരമകാരുണികനും കരുണാനിധിയും അലിവും അനുകമ്പയും വാത്സല്യവും കൃപയും സ്നേഹവും ഏറെയുള്ളവനും, അനുഗ്രഹപൂർണനും ഏറെ പൊറുക്കുന്നവനും, സഹനശീലനും സൗമ്യനും മാപ്പരുളുന്നവനും കുറ്റവാളികളെ അതികഠിനമായി ശിക്ഷിക്കുന്നവനുമാണ്. അവൻ എല്ലാം കേൾക്കുകയും കാണുകയും അറിയുകയും ചെയ്യുന്ന, ഹൃദയങ്ങളിലുള്ളതറിയുന്ന, ഏതു നേരവും നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന, എല്ലാത്തിനും സാക്ഷിയായ, സർവശക്തനും സർവജ്ഞനുമാണ്. അവനെ മാത്രമെ ആരാധിക്കാവൂ. നമസ്കാരം, ബലികർമം, നേർച്ച, പ്രാർഥന, അഭൗതിക വഴിയിലുള്ള സഹായതേട്ടം, പാപമോചന പ്രാർഥന അടക്കമുള്ള; ആരാധനയുടെ, പരമമായ കീഴ്‌വണക്കത്തിന്റെ ഒരംശവും ഒരു രൂപവും ലോകരക്ഷിതാവായ അല്ലാഹുവിനല്ലാതെ സമർപ്പിക്കരുത്. അവന്റെ അസ്തിത്വം പോലെ മറ്റൊരു അസ്തിത്വമില്ല! അവന്റെ ഗുണങ്ങൾക്ക് തുല്യമായ ഗുണമുള്ളവരോ, അവന്റെ നാമങ്ങൾക്ക് തുല്യമായ നാമമുള്ളരോ, അവന്റെ വിശേഷണങ്ങൾക്ക് തുല്യമായ വിശേഷണങ്ങളുള്ളവരോ ഇല്ല! അവന്റെ പ്രവർത്തനങ്ങൾക്ക് തുല്യമായി പ്രവർത്തനങ്ങൾ നടത്തുന്നരായി ആരുമില്ല! യാതൊരു സൃഷ്ടിക്കും ദിവ്യത്വം കൽപിക്കരുത്. അങ്ങനെ ചെയ്താൽ നരകത്തിൽ നിത്യവാസിയായിത്തീരും...’

ഇതായിരുന്നു പ്രവാചകൻമാരുടെയെല്ലാം പ്രബോധനത്തിന്റെ കാതലായ വശം.

അല്ലാഹു പറയുന്നു: “ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് (മുഹമ്മദ് നബിക്ക്) മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല” (ക്വുർആൻ 21/25).

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോ

**മനുഷ്യർക്ക് നന്മതിന്മകളും ശരിതെറ്റുകളും ധർമാധർമങ്ങളും പുണ്യവും പാപവും സന്മാർഗവും ദുർമാർഗവും വേർതിരിച്ച് വ്യക്തമാക്കിക്കൊടുക്കാനും ദൈവിക കൽപനകളനുസരിച്ചു ജീവിച്ച് കാണിച്ചുകൊടുക്കാനും സർവലോകരക്ഷിതാവ് മനുഷ്യരിൽനിന്നുതന്നെ തെരഞ്ഞെടുത്ത് ദൗത്യമേൽപിച്ചു കൊടുത്തവരാണ് പ്രവാചകൻമാർ എന്നും ദൈവദൂതൻമാർ എന്നും അറിയപ്പെടുന്നത്. കാലാകാലങ്ങളിൽ വിവിധ ദേശങ്ങളിൽ, വ്യത്യസ്ത സമൂഹങ്ങളിൽ ദൈവത്താൽ നിയുക്തരായ പ്രവാചകൻമാർ നടത്തിയ പ്രബോധനത്തിന്റെ കാതലായ വശം കണിശമായ ഏകദൈവവിശ്വാസമായിരുന്നു.**

ഗിച്ചിട്ടുണ്ട്; നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)" (ക്വുർആൻ 16/36).

നബിമാർ തങ്ങളുടെ ജനതയോട് ഈ ആദർശം പ്രഖ്യാപിക്കുന്നത് ക്വുർആൻ എടുത്തു പറഞ്ഞിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണുക:

### നൂഹ് നബി(അ)

"നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു" (ക്വുർആൻ 7/59).

### ഇബ്റാഹിം നബി(അ)

"ഇബ്റാഹീമിനെയും (നാം അയച്ചു). അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ): നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ. നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവനെ ആരാധിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്" (ക്വുർആൻ 29/16,17).

### ഇൽയാസ് നബി(അ)

"ഇൽയാസും ദൂതൻമാരിലൊരാൾ തന്നെ. അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? നിങ്ങൾ ബഅലിനെ (ബാൽദേവൻ) വിളിച്ച് പ്രാർഥിക്കുകയും ഏറ്റവും നല്ല സൃഷ്ടികർത്താവിനെ വിട്ടുകളയുകയുമാണോ? അഥവാ നിങ്ങളുടെയും നിങ്ങളുടെ പൂർവപിതാക്കളുടെയും രക്ഷിതാവായ അല്ലാഹുവെ" (ക്വുർആൻ 37/123-126).

### യഅ്ക്വൂബ് നബി(അ)

"എനിക്ക് ശേഷം ഏതൊരു ദൈവത്തെയാണ് നിങ്ങൾ ആരാധിക്കുക എന്ന് യഅ്ക്വൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ? അവർ പറഞ്ഞു: താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാക്വിന്റേയും ആരാധ്യനായ ഏകദൈവത്തെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമായിരിക്കും" (ക്വുർആൻ 2/33).

### യൂസുഫ് നബി(അ)

"ജയിലിലെ രണ്ട് സുഹൃത്തുക്കളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല, ഏകനും സർവാധികാരിയുമായ അല്ലാഹുവാണോ? അവന്നു പുറമെ നിങ്ങൾ ആരാധിക്കുന്നവ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളല്ലാതെ മറ്റൊന്നുമല്ല. അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും



**“(പരലോകത്ത്) അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക:) ‘മർയമിന്റെ മകൻ ഈസാ, അല്ലാഹുവിന് പുറമെ എന്നെയും എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ. എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്?’ അദ്ദേഹം പറയും: ‘നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ. നീ എന്നോട് കൽപിച്ച കാര്യം അഥവാ എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കണം എന്ന കാര്യം മാത്രമെ ഞാനവരോട് പറഞ്ഞിട്ടുള്ളൂ. ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. പിന്നീട് നീ എന്നെ പൂർണമായി ഏറ്റെടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ. നീ എല്ലാ കാര്യത്തിനും സാക്ഷിയാകുന്നു’’ (ക്വുർആൻ 5/116,117).**

അവതരിപ്പിച്ചിട്ടില്ല. വിധികർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു. വക്രതയില്ലാത്തമതം അതത്രെ. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല’’ (ക്വുർആൻ 12/39,40).

**ഈസാ നബി(അ)**

“വ്യക്തമായ തെളിവുകളും കൊണ്ട് ഈസാ വന്നിട്ട് ഇപ്രകാരം പറഞ്ഞു: തീർച്ചയായും വിജ്ഞാനവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. നിങ്ങൾ അഭിപ്രായഭിന്നത പുലർത്തിക്കൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാൻ വേണ്ടിയും. ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. തീർച്ചയായും അല്ലാഹു തന്നെയാകുന്നു എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ പാത’’ (ക്വുർആൻ 43/63,64).

“(ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരെയുള്ള മാർഗം’’ (ക്വുർആൻ 19/36).

“തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗം’’ (ക്വുർആൻ 3/51).

“മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ‘ഇസ്‌റാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല’ എന്നാണ്’’ (ക്വുർആൻ 5/72).

“(പരലോകത്ത്) അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക:) ‘മർയമിന്റെ മകൻ ഈസാ, അല്ലാഹുവിന് പുറമെ എന്നെയും എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ. എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്?’ അദ്ദേഹം പറയും: ‘നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ. നീ എന്നോട് കൽപിച്ച കാര്യം അഥവാ എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കണം എന്ന കാര്യം മാത്രമെ ഞാനവരോട് പറഞ്ഞിട്ടുള്ളൂ. ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. പിന്നീട്





നീ എന്നെ പൂർണമായി ഏറ്റെടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ. നീ എല്ലാ കാര്യത്തിനും സാക്ഷിയാകുന്നു'' (ക്വുർആൻ 5/116,117).

ഈസാ നബി(അ)യെ അഥവാ യേശുവിനെ ദൈവ പുത്രനായി കാണുകയും വിളിച്ചുതേടുകയും ചെയ്യുന്നവരാണല്ലോ ക്രൈസ്തവർ. എന്നാൽ അവർ വേദഗ്രന്ഥമായി അംഗീകരിച്ചാദരിക്കുന്ന ബൈബിളിൽ തന്നെ യേശു പറഞ്ഞതായി രേഖപ്പെടുത്തിയ ചില വചനങ്ങൾ കാണുക: (മലയാള പരിഭാഷയിൽ അവർ എഴുതിയതുപോലെ തന്നെ വായിക്കാം).

"ശാസ്ത്രിമാരിൽ ഒരുവൻ അടുത്തുവന്നു. അവർ തമ്മിൽ തർക്കിക്കുന്നതു കേട്ടു അവൻ അവരോടു നല്ലവണ്ണം ഉത്തരം പറഞ്ഞപ്രകാരം ബോധിച്ചിട്ടു: എല്ലാറ്റിലും മുഖ്യ കൽപന ഏതു എന്നു അവനോടു ചോദിച്ചു. അതിന്നു യേശു: 'എല്ലാറ്റിലും മുഖ്യകൽപനയോ? യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവു. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം എന്നു ആകുന്നു'' (മാർക്കോസ് 12/ 28-30)

**യേശു ദൈവപുത്രനാണ്, മൂവരിൽ ഒരുവനാണ്, മൂവരും ഒരേ കഴിവും ശക്തിയുമുള്ളവരാണ് എന്നാണ് ക്രൈസ്തവ സുഹൃത്തുക്കൾ പറയാറുള്ളത്. എന്നാൽ യേശുവിനെക്കാളും ശക്തിയും കഴിവും പൂർണതയുമുള്ള സാക്ഷാൽ ദൈവം ഉണ്ടെന്നും അവനാണ് ആരാധനകൾക്കർഹൻ എന്നും വ്യക്തമാകുന്നു.**

"യേശു അവനോടു: 'സാത്താനേ, എന്നെ വിട്ടുപോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലോ' എന്നു പറഞ്ഞു'' (മത്തായി 4:10).

യേശു അവനോടു: 'നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചുഅവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നു' എന്നുഉത്തരം പറഞ്ഞു (ലൂക്കോസ് 4:8)

"ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു'' (യോഹന്നാൻ 17:3).

"ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ'' (മത്തായി 10:28).

"എന്നാൽ എന്റെ സ്നേഹിതന്മാരായ നിങ്ങളോടു ഞാൻ പറയുന്നതു: ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്‌വാൻ കഴിയാത്തവരെ ഭയപ്പെടേണ്ടാ. ആരെ ഭയപ്പെടേണം എന്നു ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. കൊന്നിട്ടു നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ: അതേ, അവനെ ഭയപ്പെടുവിൻ എന്നു ഞാൻനിങ്ങളോടു പറയുന്നു'' (ലൂക്കോസ് 12:4, 5).

യേശു ദൈവപുത്രനാണ്, മൂവരിൽ ഒരുവനാണ്, മൂവരും ഒരേ കഴിവും ശക്തിയുമുള്ളവരാണ് എന്നാണ് ക്രൈസ്തവ സുഹൃത്തുക്കൾ പറയാറുള്ളത്. എന്നാൽ മുകളിൽ കൊടുത്ത വചനങ്ങളിൽ നിന്നുതന്നെ യേശുവിനെക്കാളും ശക്തിയും കഴിവും പൂർണതയുമുള്ള സാക്ഷാൽ ദൈവം ഉണ്ടെന്നും അവനാണ് ആരാധനകൾക്കർഹൻ എന്നും വ്യക്തമാകുന്നു.



# അറബി ഭാഷയുടെ സ്വാധീനവും വളർച്ചയും

ശബാബ് മദനി, അരിപ്ര

വൈവിധ്യങ്ങളാണ് നമ്മുടെ രാജ്യത്തെ സമ്പന്നമാക്കുന്നത്. വലിപ്പത്തിൽ ഏഴാം സ്ഥാനവും ജനസംഖ്യയിൽ രണ്ടാം സ്ഥാനവും ജനാധിപത്യത്തിൽ ഒന്നാം സ്ഥാനവും നമ്മുടെ രാജ്യത്തിനുണ്ട്. ശാസ്ത്ര, സാങ്കേതിക രംഗത്തും ബഹുദൂരം മുന്നിലാണ് നമ്മുടെ രാജ്യം. സൈനിക ബലത്തിലും സമ്പദ്ഘടനയിലും നാം പിന്നിലല്ല. വിവിധ സംസ്കാരങ്ങൾ, മതങ്ങൾ, വേഷങ്ങൾ, ഭക്ഷണ രീതികൾ ഇതെല്ലാം ഇന്ത്യയെ മറ്റു രാജ്യങ്ങളിൽനിന്ന് വിഭിന്നമാക്കുന്നു.

ആ വ്യത്യസ്തതയിൽ പ്രധാനമായ ഒന്നാണ് ഭാഷ. 29 സംസ്ഥാനങ്ങളിലായി 10 ലക്ഷത്തിലധികം ആളുകൾ സംസാരിക്കുന്ന 29 ഭാഷകൾ രാജ്യത്തുണ്ട്. 461 ഭാഷകളുടെ ജന്മഭൂമിയാണ് ഇന്ത്യ. ഇന്ത്യൻ ഭരണഘടന 22 ഭാഷകളെ ഔദ്യോഗിക ഭാഷകളായി നിർവചിച്ചിട്ടുണ്ട്. ഇത്രമേൽ ഭാഷകളിൽ വൈവിധ്യങ്ങൾ നിറഞ്ഞ മറ്റൊരു രാജ്യം കാണാൻ സാധ്യമല്ല. കച്ചവടാവശ്യാർഥം ഇന്ത്യയിലേക്ക് വന്ന അറബികൾ കൈമാറ്റം ചെയ്തതാണ് അറബി ഭാഷ. തുടർന്ന് ഇസ്‌ലാമിക പ്രബോധനത്തിന്റെ ഘട്ടത്തിൽ അത് കൂടുതൽ പ്രചുരപ്രചാരം നേടി.

അറബി രാഷ്ട്രഭാഷയല്ലാത്ത നാടുകളിൽ, ആ ഭാഷയും സംസ്കാരവും ഏറ്റവും കൂടുതൽ പ്രചാരം നേടിയത് കേരളത്തിലാണ്. അതുകൊണ്ടുതന്നെ അറബി ഭാഷാസാഹിത്യ രംഗത്തും തൊഴിൽ രംഗത്തും അനന്തമായ അവസരങ്ങളും സാധ്യതകളുമാണ് മലയാളികൾക്കുള്ളത്. ഭാഷാസാഹിത്യ, വിവർത്തന മേഖലകളിൽ ഗണ്യമായ സംഭാവനകളാണ് മലയാളികൾ അറബിഭാഷക്കും അറബി സാഹിത്യം മലയാളത്തിനും നൽകിയിട്ടുള്ളത്. നിരവധി ലോകഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതും വിദേശരാജ്യങ്ങളിൽ വലിയ സ്വീകാര്യത ലഭിച്ചതുമായ ഗ്രന്ഥമാണ് മലയാളിയായ അറബി ഭാഷാ പണ്ഡിതൻ സൈനുദ്ദീൻ മഖ്ദൂം രചിച്ച തുഹ്ഫത്തുൽ മുജാഹിദീൻ. വിവിധ രാജ്യങ്ങളിൽ ആധികാരിക റഫറൻസ് ഗ്രന്ഥമാണ് ശൈഖ് മഖ്ദൂമിന്റെ പുസ്തകം.

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികൾക്ക് കീഴിലും കേരളത്തിനു പുറത്ത് 20ൽ അധികം പ്രമുഖ യൂണിവേഴ്സിറ്റികളിലും വിദേശരാജ്യങ്ങളിൽ സ്റ്റൈപ്പന്റോടുകൂടിയും മലയാളഭാഷയിൽ ഉപരിപഠനത്തിന് അവസരമുണ്ട്.

അറബിയിൽ പ്രാവീണ്യം നേടുന്ന മലയാളികൾ പലരും അനന്തമായി കിടക്കുന്ന തൊഴിൽ മേഖലകളെ കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല. വാർത്താമാധ്യമങ്ങൾ, എംബസികൾ, ഐടി മേഖല, യൂണിവേഴ്സിറ്റി ലൈബ്രറികൾ, ഐക്യരാഷ്ട്ര സഭയുടെ വിവിധ ഏജൻസികൾ തുടങ്ങിയ നിരവധി മേഖലകളിൽ തൊഴിൽ അവസരങ്ങൾ ഏറെയാണ്.

ഇന്ത്യക്കാരിൽ ലക്ഷക്കണക്കിനാളുകൾ അറേബ്യൻ രാജ്യങ്ങളെ ആശ്രയിക്കുന്നതിനാൽ ഇവിടെ അറബി ഭാഷയുടെ നിലനിൽപ്പ് അനിവാര്യമായി. രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വലിയൊരു പങ്കും അറേബ്യൻ രാജ്യങ്ങൾ വഴി വരുന്നു എന്നത് അറേബ്യയുമായുള്ള രാജ്യത്തിന്റെ ബന്ധം ദൃഢമാകാൻ കാരണമായി. ഇതിഹാസങ്ങളുടെ ഭാഷയായ സംസ്കൃതത്തിനും ഇടം നൽകാൻ ഭാരതത്തിന് സാധിച്ചു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും സംസാരഭാഷയല്ലെങ്കിലും ഔദ്യോഗികതലത്തിൽ വലിയ സ്വീകാര്യത സംസ്കൃതത്തിന് ഇന്ത്യയിലുണ്ട്. കർണാടകയിലെ ഒരു ഗ്രാമത്തിലെ 1500 ആളുകൾ മാത്രമാണ് സംസ്കൃതം സംസാരിക്കുന്നവരായുള്ളത് എന്ന് ഔദ്യോഗിക രേഖകൾ പറയുന്നു. എങ്കിലും ആ ഭാഷയ്ക്കായി ഒരു യൂണിവേഴ്സിറ്റി ഇ. ടി മുഹമ്മദ് ബഷീർ വിദ്യാഭ്യാസ മന്ത്രിയായിരിക്കെ കേരളത്തിൽ സ്ഥാപിച്ചു.

വിദേശ ഭാഷകളെ സ്വീകരിക്കാനും പുതിയ ഭാഷകൾക്ക് ജന്മം നൽകാനും നമ്മുടെ രാജ്യത്തിനായി എന്നത് വലിയ കാര്യമാണ്. ഇംഗ്ലീഷ്, അറബി തുടങ്ങിയ ഭാഷകളെ രാജ്യം സ്വീകരിച്ചു. മൂന്നു സംസ്ഥാനങ്ങളിൽ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി സംസാരിക്കുന്നു. രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായി ഇംഗ്ലീഷിനെ അംഗീകരിച്ചില്ലെങ്കിലും രാജ്യത്തിന്റെ പ്രധാന വിനിമയം ഇംഗ്ലീഷിൽതന്നെ നിർവഹിക്കുന്നു. അത്തരം ഘട്ടങ്ങളിൽ വിദേശ ഭാഷയായ ഇംഗ്ലീഷിനെ ഉപയോഗപ്പെടുത്തണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇത്രമേൽ ഭാഷാവൈവിധ്യങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ഈ വൈവിധ്യമാണ് രാഷ്ട്രത്തിന്റെ സൗന്ദര്യം. ഏകഭാഷ എന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം അപ്രായോഗികമാണ്. പല പ്രാദേശിക ഭാഷകളും അത് ഉപയോഗിക്കുന്നവരും തമ്മിലുള്ളത് പൊക്കിൾകൊടി ബന്ധമാണ്. പല ഭാഷകളും ഗ്രാമത്തിന്റെ അതിർത്തിക്കപ്പുറം നമ്മളിലേക്കെത്തുന്നില്ലെങ്കിലും അതിനെ അംഗീകരിക്കാനും സ്വീകരിക്കാനുമുള്ള അവസരം നൽകുമ്പോഴാണ് രാഷ്ട്രത്തിന്റെ സൗന്ദര്യം വർധിക്കുന്നത്.

ഗൾഫ് രാഷ്ട്രങ്ങളിലെ തൊഴിൽ പ്രതിസന്ധിയിൽ ആശങ്കപ്പെടുന്ന മലയാളികൾക്ക് അറബി പരിജ്ഞാനം ഉണ്ടെങ്കിൽ ആശ്വസിക്കാൻ അവസരങ്ങൾ അനവധിയാണ്. ഗൾഫ് രാജ്യങ്ങളിലെ

**അറബ്‌ലോകത്തെ പണ്ഡിതരുടെയും പ്രശസ്ത എഴുത്തുകാരുടെയും ധാരാളം ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും കേരളത്തിലെ സർവകലാശാലകളിൽ ഗവേഷണത്തിന് വിധേയമാവുകയും ചെയ്തിട്ടുണ്ട്. ലോകത്തിലെ സാമ്പത്തിക, സാംസ്കാരിക, സാങ്കേതിക, വൈജ്ഞാനിക, തൊഴിൽമേഖലകളിൽ അനുദിനം വികാസം പ്രാപിക്കുന്ന ഭാഷ എന്ന നിലയിൽ അറബി ഭാഷാപഠനം തൊഴിൽ സാധ്യതകളുമായി ഏറെ ബന്ധപ്പെട്ടു നിൽക്കുന്നു. ഖുർആനിന്റെ ഭാഷയായതിനാൽ ആഗോള പ്രചാരം ലഭിച്ച അറബി വിവരസാങ്കേതിക മേഖലയിലെ എല്ലാ കണ്ടുപിടിത്തങ്ങൾക്കും മാറ്റങ്ങൾക്കും പുതിയ പദങ്ങളും പ്രയോഗങ്ങളും സംഭാവന ചെയ്യാൻ പ്രാപ്തി നേടിയിട്ടുണ്ട്.**



വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പത്രസ്ഥാപനങ്ങൾ, ട്രാവൽസ്, പെട്രോളിയം മേഖലകൾ, ആതുരാലയങ്ങൾ തുടങ്ങിയവയിൽ ഭാഷാ പരിജ്ഞാനികൾക്ക് അവസരങ്ങൾ തുറന്നുകിടക്കുന്നു.

അറബി ഭാഷാസാഹിത്യ പഠനം വ്യാപകമാക്കാനും ടൂറിസം, വ്യവസായം, ചികിത്സ തുടങ്ങിയ തൊഴിൽ മേഖലകളിലേക്ക് വിദേശികളെ ആകർഷിക്കാനും ഈ രംഗത്ത് സ്വദേശത്തും വിദേശത്തും മലയാളികൾക്ക് തൊഴിലവസരം ഒരുക്കുന്നതും ആധുനിക സംവിധാനങ്ങളോടുകൂടിയ കൂടുതൽ പഠന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും നിലവിലുള്ളവയെ പരിപോഷിപ്പിക്കാനും സർക്കാർ നീക്കങ്ങളാണ് ഇനി ആവശ്യം. അറബി ഭാഷയ്ക്ക് ഒരു സർവകലാശാല കേരളത്തിൽ സ്ഥാപിക്കുന്നത് വിദേശത്ത് മെച്ചപ്പെട്ട ഉദ്യോഗ, തൊഴിലവസരങ്ങൾക്കും വിദേശ നിക്ഷേപത്തിനും അത്യന്താപേക്ഷിതമാണ്.

അറബ്‌ലോകത്തെ പണ്ഡിതരുടെയും പ്രശസ്ത എഴുത്തുകാരുടെയും ധാരാളം ഗ്രന്ഥങ്ങൾ മലയാള ത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും കേരളത്തിലെ സർവകലാശാലകളിൽ ഗവേഷ-ണത്തിന് വിധേയമാവുകയും ചെയ്തിട്ടുണ്ട്. ലോകത്തിലെ സാമ്പത്തിക, സാംസ്കാരിക, സാങ്കേതിക, വൈജ്ഞാനിക, തൊഴിൽമേഖലകളിൽ അനു-ദിനം വികാസം പ്രാപിക്കുന്ന ഭാഷ എന്ന നിലയിൽ അറബി ഭാഷാപഠനം തൊഴിൽ സാധ്യതകളുമായി ഏറെ ബന്ധപ്പെട്ടു നിൽക്കുന്നു. ഖുർആനിന്റെ ഭാഷയായതിനാൽ ആഗോള പ്രചാരം ലഭിച്ച അറബി വിവരസാങ്കേതിക മേഖലയിലെ എല്ലാ കണ്ടുപിടിത്തങ്ങൾക്കും മാറ്റങ്ങൾക്കും പുതിയ പദങ്ങളും പ്രയോഗങ്ങളും സംഭാവന ചെയ്യാൻ പ്രാപ്തി നേടിയിട്ടുണ്ട്.

ലോകത്ത് 22 രാഷ്ട്രങ്ങളുടെ ഔദ്യോഗിക ഭാഷയാണ് അറബി. കേരളത്തിൽ മാത്രം 59 ലക്ഷം ജനങ്ങൾ അറബി സാക്ഷരരായി ഉണ്ട്. ആഗോള ജനസംഖ്യയിൽ 300 മില്യണിലധികം ആളുകൾ പ്രഥമ സംസാരഭാഷയായും 250 മില്ല്യൺ ജനങ്ങൾ രണ്ടാം ഭാഷയായും ഉപയോഗിക്കുന്ന അറബി ഭാഷക്ക് ലോകഭാഷകളിൽ നാലാം സ്ഥാനമാണുള്ളത്. അറബി സാഹിത്യഭാഷ 26 രാജ്യങ്ങളിലെ ഔദ്യോഗിക ഭരണഭാഷയായും മറ്റനേകം രാഷ്ട്രങ്ങളിൽ രണ്ടാം ഭാഷയായും പ്രചാരത്തിലുണ്ട്. ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുള്ള ആറ് ഭാഷകളിൽ ഒന്നായ അറബി ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലും സ്കൂൾ, കോളേജ്, സർവകലാശാല തലങ്ങളിൽ പഠിപ്പിക്കപ്പെടുന്നു. ധന്യമായ സാഹിത്യചരിത്രമുള്ള അറബി ഭാഷയിലെ പദങ്ങളും പ്രയോഗങ്ങളും ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്, ഉർദു തുടങ്ങിയ ഭാഷകളിലെല്ലാം സ്വാധീനം ചെലുത്തിയിട്ടുണ്ട്. അറബി ഭാഷയുടെ അജയ്യമായ പദവിയും മഹത്ത്വവും പരിഗണിച്ചാണ് 2010ൽ ഐക്യരാഷ്ട്രസഭ ഡിസംബർ 18 അന്താരാഷ്ട്ര അറബിക് ദിനമായി ആചരിക്കാൻ തീരുമാനിച്ചത്.

അറബി ഭാഷാ വിദ്യാഭ്യാസ-ത്തിന്റെ ചരിത്രത്തെ മുസ്‌ലിം നവോത്ഥാന ചരിത്രത്തോട് ബന്ധപ്പെടുത്തി വിശകലനം ചെയ്യുന്നതാവും കൂടുതൽ അഭികാമ്യം. മുസ്‌ലിം സമുദായത്തിന്റെ സംസ്കാരവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന ഒരു ഭാഷയെന്ന നിലയിൽ അറബി പഠനം ഒരു പ്രചോദനമായിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസത്തിൽനിന്ന് അകന്നുനിന്നിരുന്ന മുസ്‌ലിംകളെ വിദ്യാഭ്യാസത്തോട് ആഭിമുഖ്യം പുലർത്തുന്നവരാക്കി മാറ്റാൻ അറബിഭാഷക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ അറബി ഭാഷാ വിദ്യാഭ്യാസത്തിന്റെ ചരിത്രം മുസ്‌ലിം നവോത്ഥാനത്തിന്റെ ചരിത്രംകൂടിയാണ്.

ഒരു ഭാഷയ്ക്ക് ആ ഭാഷയെ സ്നേഹിക്കുന്നവരുടെ ജീവിതത്തിൽ പരിവർത്തന ങ്ങൾ ഉണ്ടാക്കാൻ കഴിയും എന്നതിന്റെ നേർസാക്ഷ്യമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം അറബി ഭാഷ. അറബിഭാഷ കേരളത്തിലെ മുസ്‌ലിംകളെ പൊതുവിദ്യാഭ്യാസത്തോട് ചേർത്തുനിർത്തി. മാത്രമല്ല വിദ്യാഭ്യാസത്തോട് അവരിൽ താൽപര്യവും ആഭിമുഖ്യവും വളർത്തി. സാമൂഹികമായും സാംസ്കാരികമായും ഒരു ജനത അങ്ങനെ ശാക്തീകരിക്കപ്പെട്ടു. പൂർവികർ തുടങ്ങിവച്ച നവോത്ഥാന യജ്ഞത്തിന് പിൻകാല കണ്ണികളാണ് നമ്മളോരോരുത്തരും എന്ന് ഗൗരവത്തോടെ ഓർക്കേണ്ടതുണ്ട്. നാല് ചുവരുകൾക്കുള്ളിൽ കേവലം അറബിഭാഷ പഠിക്കുന്നവർ എന്ന തല ത്തിലേക്ക് ചുരുങ്ങാതെ ഒരു വലിയ ജനസഞ്ചയത്തെ വൈജ്ഞാനികമായും സാംസ്കാരികമായും മുന്ന ണിയിൽ എത്തിക്കാൻ നിയു ക്തരായ ആളുകൾ എന്ന തലത്തിലേക്ക് അറബി ഭാഷ പഠിതാക്കൾ ഉയരേണ്ടതുണ്ട്. ■



# ഞാനെത്ര ധന്യൻ!

ഉസ്മാൻ പാലക്കാഴി

ഞാൻ ശക്തി ചോദിച്ചു;
എന്നെ ശക്തനാക്കാൻ
ദൈവം എനിക്ക്
ബുദ്ധിമുട്ടുകൾ തന്നു.
ഞാൻ ജ്ഞാനം ചോദിച്ചു;
ദൈവം എനിക്ക് പരിഹരിക്കാൻ
ഒട്ടേറെ പ്രശ്നങ്ങൾ തന്നു.
ഞാൻ ഐശ്വര്യം ചോദിച്ചു;
ദൈവം എനിക്ക്
ജോലി ചെയ്യാനുള്ള ബുദ്ധിയും
കഴിവും തന്നു.
ഞാൻ ധൈര്യം ചോദിച്ചു;
ദൈവം എനിക്ക്
അതിജയിക്കാനുള്ള
തടസ്സങ്ങൾ തന്നു.
ഞാൻ സ്നേഹം ചോദിച്ചു;
ദൈവം എനിക്ക്
സഹായിക്കാനായി
വിഷമം അനുഭവിക്കുന്ന
ആളുകളെ തന്നു.
ഞാൻ ആനുകൂല്യങ്ങൾ ചോദിച്ചു;
ദൈവം എനിക്ക് അവസരങ്ങൾ തന്നു.
ഞാൻ ആഗ്രഹിച്ചതൊന്നും
എനിക്ക് ലഭിച്ചില്ല;
പക്ഷേ, എനിക്ക് ആവശ്യമുള്ളതെല്ലാം
ദൈവം എനിക്ക് തന്നു.

ലേഖനം



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 8

# മതസ്വാതന്ത്ര്യം ഭരണഘടന നിർമാണ ചർച്ചകളിൽ

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

ഐക്യവസ്ത്ര (Uniform) രൂപത്തിനല്ല, സ്വത്വ വസ്ത്ര സ്വാതന്ത്ര്യത്തിനാണ് ഭരണഘടന മുൻഗണന നൽകിയിട്ടുള്ളത് എന്ന പ്രശാന്ത് ഭൂഷന്റെയും ഹിജാബ് പുരുഷാധിപത്യത്തിന്റെ ഭാഗമാണ് എന്ന മുൻവിധി തെറ്റാണ് എന്ന തുളസി രാജിന്റെയും വാദ സമർഥനങ്ങൾക്ക് ശേഷം മതസ്വാതന്ത്ര്യത്തെ കുറിച്ചുള്ള ഭരണഘടനയുടെയും ഭരണഘടന ശിൽപികളുടെയും അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് ദുഷ്യന്ത് ദവെ സംസാരിച്ചു തുടങ്ങിയത്.

**ദുഷ്യന്ത് ദവെ തുടരുന്നു:**

ഭരണഘടന സംവിധാനം ചെയ്ത ആ മഹാരഥന്മാർ നമ്മെ വിട്ടുപിരിഞ്ഞിട്ട് 75 വർഷങ്ങളാവുന്നു. അവർ വിഭാവനം ചെയ്ത തത്വങ്ങളിൽനിന്നും അവർ പ്രചരിപ്പിച്ച ആദർശത്തിൽനിന്നും ഇന്ന് നാം വഴിമാറി നടക്കാൻ ഒരുങ്ങുകയാണ്. ഭരണഘടന അസംബ്ലിയിലൂടെ നമുക്ക് ഉന്നതമായ ചിന്തകൾ സമ്മാനിച്ച ഉന്നതമൂല്യമുള്ള മഹാരഥന്മാർ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇന്ന് ആരെങ്കിലും പ്രണയിച്ച് വിവാഹം കഴിച്ചാൽ അത് മതപരിവർത്തനത്തിനുള്ള ശ്രമമാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. ഉന്നത ചിന്തകളിൽനിന്നും നമ്മുടെ രാജ്യം എങ്ങോട്ടാണ് തിരിച്ചുപോകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. 19ാം അനുച്ഛേദത്തിൽ 'Propagate' (പ്രബോധനം) എന്ന പദമില്ലെങ്കിൽ പോലും മത പ്രബോധന സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന വിധത്തിലാണ് അവർ ഭരണഘടന സംവിധാനിച്ചിട്ടുള്ളത്.

**ഭരണഘടന സംവിധാനം ചെയ്ത മഹാരഥന്മാർ നമ്മെ വിട്ടുപിരിഞ്ഞിട്ട് 75 വർഷങ്ങളാവുന്നു. അവർ വിഭാവനം ചെയ്ത തത്ത്വങ്ങളിൽനിന്നും അവർ പ്രചരിപ്പിച്ച ആദർശത്തിൽനിന്നും ഇന്ന് നാം വഴിമാറി നടക്കാൻ ഒരുങ്ങുകയാണ്. ഭരണഘടന അസംബ്ലിയിലൂടെ നമുക്ക് ഉന്നതമായ ചിന്തകൾ സമ്മാനിച്ച ഉന്നതമൂല്യമുള്ള മഹാരഥന്മാർ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇന്ന് ആരെങ്കിലും പ്രണയിച്ച് വിവാഹം കഴിച്ചാൽ അത് മതപരിവർത്തനത്തിനുള്ള ശ്രമമാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. ഉന്നത ചിന്തകളിൽനിന്നും നമ്മുടെ രാജ്യം എങ്ങോട്ടാണ് തിരിച്ചുപോകുന്നതെന്ന് മനസ്സിലാകുന്നില്ല. 19ാം അനുച്ഛേദത്തിൽ 'Propagate' (പ്രബോധനം) എന്ന പദമില്ലെങ്കിൽ പോലും മത പ്രബോധന സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന വിധത്തിലാണ് അവർ ഭരണഘടന സംവിധാനിച്ചിട്ടുള്ളത്.**

ഭരണഘടനയെ വ്യാഖ്യാനിക്കാൻ ഭരണഘടനാനിർമാണ സഭയിലെ ചർച്ചകൾ കൊണ്ടുവരുന്നതിന് എന്തെങ്കിലും മുൻ മാതൃകയുണ്ടോ എന്ന് ജസ്റ്റിസ് ഗുപ്ത ചോദിച്ചപ്പോൾ "ഫോർത്ത് ജഡ്ജസ് കേസ്' എന്ന പേരിലറിയപ്പെടുന്ന National Judicial Appointments Commission (NJAC) കേസിൽ അങ്ങനെയുണ്ടായിട്ടുണ്ടെന്ന് ജസ്റ്റിസ് ധൂലിയ മറുപടി നൽകി. പുട്ടസ്വാമി കേസിലും അപ്രകാരം ഉണ്ടായിട്ടുണ്ടെന്ന് ദവെ കൂട്ടിച്ചേർത്തു. എന്നാലും അതിനൊരു പരിധിയില്ലേ എന്ന് ഗുപ്ത വീണ്ടും ചോദിച്ചപ്പോൾ 'അവർ ഭരണഘടനക്ക് ജന്മം നൽകിയവരാണ്. രണ്ട് വർഷത്തിലധികം ഭരണഘടനക്കായി ചെലവഴിച്ചവരാണ് അവർ. അവരുടെ കാഴ്ചപ്പാടുകൾ പവിത്രമാണ്' എന്നായിരുന്നു ദവെയുടെ മറുപടി.


### എല്ലാവരുടെയും അവകാശങ്ങൾ ഒരുപോലെ

ഭരണഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ് ഭ്രാതൃഭാവം (Fraternity). എന്നാൽ കർണാടക സർക്കാറിന്റെ കണ്ണിൽ അത് പെടാതെ പോയിരിക്കുന്നു. മുൻഗാമികളായ മഹത്തുക്കളുടെ താക്കീതുകൾ മുഖവിലക്കെടുക്കണമെന്നാണ് ആമുഖമായി എനിക്ക് പറയാനുള്ളത്. നൂറ്റാണ്ടുകളായി മുസ്‌ലിം സ്ത്രീകൾ ശിരോവസ്ത്രം ധരിക്കുന്നു. മലേഷ്യ, അറേബ്യ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലുള്ള മുസ്‌ലിംകൾ അത് ധരിക്കുന്നു. ഈ ആധുനിക ലോകത്തും മുസ്‌ലിം സ്ത്രീകൾ അത് ധരിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുന്നതായി നാം കാണുന്നു. സിഖുകാർക്ക് തലപ്പാവുപോലെ മുസ്‌ലിം സ്ത്രീകൾക്ക് ശിരോവസ്ത്രം പ്രധാനമാണ്. അതിലെന്താണ് തെറ്റ്? അത് അവരുടെ വിശ്വാസത്തിന്റെ ഭാഗമല്ലേ? ചിലർ തിലക് ധരിക്കാൻ ആഗ്രഹിക്കുന്നു, മറ്റുചിലർ കുരിശ് ധരിക്കാൻ ആഗ്രഹിക്കുന്നു, എല്ലാവർക്കും അവകാശമുണ്ട്. അതുതന്നെയല്ലേ നമ്മുടെ സാമൂഹിക ജീവിതത്തിന്റെ സൗന്ദര്യം?

### 13ാം അനുച്ഛേദം നൽകുന്ന സംരക്ഷണം

ശിരോവസ്ത്രം ധരിക്കുന്നത് ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയാകുന്നത് എങ്ങനെയാണ്? അങ്ങനെ ആരും പറയുന്നില്ലെന്നും കർണാടക വിധിയിൽ പോലും അങ്ങനെ കാണുന്നില്ലെന്നും ജസ്റ്റിസ് ധൂലിയ പറഞ്ഞപ്പോൾ ഐക്യത്തിനും അഖണ്ഡതക്കും ഭീഷണിയാണ് എന്ന ആശങ്കയാണ് ഇപ്പോഴത്തെ ഈ നിയന്ത്രണങ്ങൾക്കെല്ലാം അന്തിമമായ കാരണമായി പറയപ്പെടുന്നത് എന്നായിരുന്നു ദവെയുടെ പ്രതികരണം.

ഹിജാബ് ധരിക്കാനുള്ള അവ



കാശം അനുച്ഛേദം 19 ഉറപ്പുവരുത്തുന്നുണ്ടെന്നും പ്രസ്തുത അവകാശം അനുച്ഛേദം 19(2)ൽ പറയുന്ന ക്രമസമാധാനം മുതലായവ കാരണമെ പരിമിതപ്പെടുത്താൻ കഴിയൂ എന്നുമുള്ള താങ്കളുടെ തന്നെ വാദത്തിന് വിരുദ്ധമാണ് ഇതെന്ന് ജസ്റ്റിസ് ധൂലിയ ചൂണ്ടിക്കാട്ടിയപ്പോൾ കർണാടക സർക്കാറിന്റെ പുതിയ നിയമം മൗലികാവകാശം ലംഘിക്കുന്നതിനാൽ അതിനെ ഒരു സാങ്കൽപിക നിയമമായി മാത്രമെ കണക്കാക്കാൻ സാധിക്കൂ എന്ന് ദവെ മറുപടി നൽകി. ഏതൊരു പൗരന്റെയും മൗലികാവകാശത്തിന് വിരുദ്ധമായി ഒരു നിയമവും നിർമിക്കാൻ പാടില്ലെന്നും അങ്ങനെ ഉണ്ടാക്കിയാൽ അതിന് സാധുത ഉണ്ടാവുകയില്ലെന്നുമാണ് ഭരണഘടനയുടെ 13ാം അനുച്ഛേദം വ്യക്തമാക്കുന്നത്. അതുകൊണ്ട് കേവലം 19ാം അനുച്ഛേദത്തിൽ മാത്രം പരിമിതപ്പെടുത്താൻ സാധിക്കില്ലെന്നും എല്ലാ മൗലികാവകാശങ്ങൾക്കും സംരക്ഷണം നൽകുന്ന 13ാം അനുച്ഛേദം കൂടി പ്രസക്തമാണെന്നും അദ്ദേഹം പറഞ്ഞു.

### എന്താണ് ക്രമസമാധാനം?

മൗലികാവകാശങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുവാൻ ഭരണഘടന ഉപാധിയായി പറഞ്ഞിട്ടുള്ള 'പൊതു ക്രമസമാധാനം' (Public Order) എന്താണെന്ന് 1965 ലെ റാം മനോഹർ ലോഹ്യ സ്റ്റേറ്റ് ഓഫ് ബീഹാർ കേസിലും 1977 ലെ മധു ലിമായേ സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര കേസിലും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. അസംതൃപ്തരും പ്രക്ഷുബ്ധരുമായ ചിലർ നടത്തുന്ന നശീകരണ പ്രവർത്തനങ്ങൾ ഒരു സമൂഹത്തെ മൊത്തത്തിൽ ബാധിക്കുകയാണെങ്കിൽ മാത്രമെ 'Public Order' എന്ന ഉപാധി നിലനിൽക്കുകയുള്ളൂ എന്നാണ് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ ശിരോവസ്ത്ര വിഷയത്തിൽ ഏതുതരത്തിലുള്ള 'Public Order' നെയാണ് അത് ബാധിച്ചിട്ടുള്ളത് എന്ന് കോടതിക്ക്



വ്യക്തമാക്കാൻ സാധിച്ചിട്ടില്ല. ഭരണഘടനാ അസംബ്ലിയിൽ നടന്ന ചർച്ചകളെ ചെറുതായി കാണാൻ കഴിയില്ല. സമയം കിട്ടുമ്പോഴെല്ലാം ഞാൻ പ്രധാനമായും വായിച്ചു മനസ്സിലാക്കുന്നത് ഭരണഘടന നിർമാണ സഭയിലെ സംവാദങ്ങളാണ്. നിയമപരമായ കാര്യങ്ങളിൽ നമ്മുടെ ഭരണഘടനാ അസംബ്ലിയിൽ നടന്നതുപോലെ ഇത്രയും ഗൗരവത്തോടെ ലോകത്തെവിടെയും ഒരു ബൗധിക സംവാദം നടന്നിട്ടില്ല.

എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ് എന്ന വിഷയം ഇവിടെ കൊണ്ടുവരേണ്ട യാതൊരു കാര്യവുമില്ല. കർണാടക വിധി പ്രധാനമായും പ്രസ്തുത വിഷയത്തെ ചുറ്റിപ്പറ്റിയാണ്. 1960കളിൽ തന്നെ ഈ വിഷയം സുപ്രീം കോടതി ചർച്ച ചെയ്തിട്ടുള്ളതാണ്. ശിരൂർ മഠം കേസിൽ കോടതി ഈ വിഷയം പരാമർശിച്ചിട്ടുമില്ല. മതസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 26ാം അനുച്ഛേദമാണ് ആ കേസിന്റെ പശ്ചാത്തലം.

### മതാചാരവും എസൻഷ്യലും

'എന്താണ് റിലീജിയസ് പ്രാക്ടീസ്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന ജസ്റ്റിസ് ഗുപ്തയുടെ ചോദ്യത്തിന് ഒരു മതസമൂഹമോ അതിലെ ഒരു വ്യക്തിയോ വിശ്വസിക്കുന്ന എന്തിനെയും റിലീജിയസ് പ്രാക്ടീസ് ആയിട്ടാണ് കോടതി കരുതുന്നതെന്നായിരുന്നു ദുഷ്യന്ത് ദവെയുടെ മറുപടി. ഓരോ മതവിഭാഗത്തിന്റെയും ആരാധനാലയത്തിന്റെ പരിധിയിൽ മാത്രം നിലനിൽക്കുന്ന കാര്യമാണ് റിലീജിയസ് പ്രാക്ടീസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് ജസ്റ്റിസ് ഗുപ്ത പറഞ്ഞപ്പോൾ ഈ നിയന്ത്രണം വളരെ കടുത്തതാണ് എന്നാ

**മൗലികാവകാശങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുവാൻ ഭരണഘടന ഉപാധിയായി പറഞ്ഞിട്ടുള്ള 'പൊതു ക്രമസമാധാനം' (Public Order) എന്താണെന്ന് 1965 ലെ റാം മനോഹർ ലോഹ്യ സ്റ്റേറ്റ് ഓഫ് ബീഹാർ കേസിലും 1977 ലെ മധു ലിമായേ സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര കേസിലും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. അസംപൃപ്തരും പ്രക്ഷുബ്ധരുമായ ചിലർ നടത്തുന്ന നശീകരണ പ്രവർത്തനങ്ങൾ ഒരു സമൂഹത്തെ മൊത്തത്തിൽ ബാധിക്കുകയാണെങ്കിൽ മാത്രമെ 'Public Order' എന്ന ഉപാധി നിലനിൽക്കുകയുള്ളൂ എന്നാണ് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ ശിരോവസ്ത്ര വിഷയത്തിൽ ഏതുതരത്തിലുള്ള 'Public Order' നെയാണ് അത് ബാധിച്ചിട്ടുള്ളത് എന്ന് കോടതിക്ക് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.**

യിരുന്നു ദവെയുടെ പ്രതികരണം.

റിലീജിയസ് പ്രാക്ടീസിന്റെ കാര്യത്തിൽ ഏറ്റവും യോജിക്കുന്നത് 25ാം അനുച്ഛേദമാണ്. മതം സ്വതന്ത്രമായി ആചരിക്കുക, പ്രചരിപ്പിക്കുക, പ്രബോധനം ചെയ്യുക (Freely practice, profess and propagate religion) എന്നീ കാര്യങ്ങൾ അവകാശമാണെന്ന് പ്രസ്തുത അനുച്ഛേദം പറയുന്നുണ്ട്. 25(2)ൽ 'റിലീജിയസ് പ്രാക്ടീസ്' എന്ന പ്രയോഗം തന്നെ കാണാവുന്നതാണ്. എന്നാൽ ശിരോവസ്ത്ര കേസിൽ 'എസൻഷ്യൽ റിലീജിയസ് പ്രാക്ടീസ്' എന്നത് പ്രസക്തമായ വിഷയമല്ല.

**മൗലികാവകാശ അനുച്ഛേദങ്ങൾക്ക് ജീവനുണ്ട്**

ഭരണഘടനയുടെ ആദ്യ കരട് പണ്ഡിറ്റ് നെഹ്റു അംഗീകരിച്ച ശേഷം പുറത്തുവന്നപ്പോൾ അതിനൊരു പരിമിതി ഉണ്ടായിരുന്നു. മൗലികാവകാശങ്ങളെ കുറിച്ചുള്ള അനുച്ഛേദങ്ങളെല്ലാം ഉണ്ടെങ്കിലും അത് നടപ്പാക്കാനുള്ള കൃത്യമായ വ്യവസ്ഥകൾ എഴുതിച്ചേർത്തിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ കരടിനെതിരെ ഡോ.അംബേദ്കർ ശക്തമായി പ്രതികരിച്ചു. അതിനെത്തുടർന്നാണ് അവ നടപ്പാക്കാൻ കോടതികൾക്ക് അധികാരം നൽകിക്കൊണ്ടുള്ള 32, 226 എന്നീ വകുപ്പുകൾ അംബേദ്കർ അതിൽ കൂട്ടിച്ചേർത്തത്. ഗാന്ധിയോടും നെഹ്റുവിനോടും അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതിനാലാവാം അംബേദ്കർ അപ്രകാരം ചെയ്തത് എന്ന് ദവെ പറഞ്ഞപ്പോൾ ജസ്റ്റിസ് ധൂലിയ ഇടപെട്ടു. അക്കാലത്ത് (1949) അംബേദ്കറിന് നെഹ്റുവിനോട് വിയോജിപ്പുണ്ടായിരുന്നില്ല. വിയോജിപ്പ് വന്നത് ഹിന്ദു കോഡുമായി ബന്ധപ്പെട്ട (1955) കാലത്തായിരുന്നു. നെഹ്റുവാണ് അംബേദ്കറെ അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ നിയമമന്ത്രിയാക്കിയത്.

**ഭരണഘടനയുടെ ആദ്യ കരട് പണ്ഡിറ്റ് നെഹ്റു അംഗീകരിച്ച ശേഷം പുറത്തുവന്നപ്പോൾ അതിനൊരു പരിമിതി ഉണ്ടായിരുന്നു. മൗലികാവകാശങ്ങളെ കുറിച്ചുള്ള അനുച്ഛേദങ്ങളെല്ലാം ഉണ്ടെങ്കിലും അത് നടപ്പാക്കാനുള്ള കൃത്യമായ വ്യവസ്ഥകൾ എഴുതിച്ചേർത്തിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ കരടിനെതിരെ ഡോ. അംബേദ്കർ ശക്തമായി പ്രതികരിച്ചു. അതിനെത്തുടർന്നാണ് അവ നടപ്പാക്കാൻ കോടതികൾക്ക് അധികാരം നൽകിക്കൊണ്ടുള്ള 32, 226 എന്നീ വകുപ്പുകൾ അംബേദ്കർ അതിൽ കൂട്ടിച്ചേർത്തത്. ഗാന്ധിയോടും നെഹ്റുവിനോടും അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതിനാലാവാം അംബേദ്കർ അപ്രകാരം ചെയ്തത്**

**അംബേദ്കറും ബാലികാവിദ്യാഭ്യാസവും**

'മതത്തിൽ ഭക്തി ആത്മീയ രക്ഷാമാർഗമായിരിക്കാം. എന്നാൽ രാഷ്ട്രീയത്തിൽ ഭക്തിയും വീരാരാധനയും അധഃപതനത്തിലേക്കും ആത്യന്തിക സ്വേച്ഛാധിപത്യത്തിലേക്കുള്ള വഴിയാണ്' എന്ന അംബേദ്കറുടെ പ്രസ്താവന ഗാന്ധിക്കും നെഹ്റുവിനും എതിരെയുള്ള പരോക്ഷമായ വിമർശനമായിരുന്നു എന്ന് ദവെ കൂട്ടിച്ചേർത്തു. ഡോ.അംബേദ്കറുടെ വിദ്യാഭ്യാസം സ്പോൺസർ ചെയ്ത ബറോഡയിലെ മഹാരാജാവ് സയാജി റാവു ഗെയ്ക്വാദിനോട് തനിക്ക് അതിയായ ബഹുമാനമുണ്ടെന്ന് ദവെ പറഞ്ഞു. പെൺകുട്ടികളുടെ വിദ്യാഭ്യാസം പോലുള്ള നിരവധി പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചത് ഗെയ്ക്വാദ് ആയിരുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 1920കളിൽ ജലമലിനീകരണത്തിനെതിരെ നിയമം ഉണ്ടാക്കിയ ഭരണാധികാരി കൂടിയായിരുന്നു ഗെയ്ക്വാദ്.

**മൗലികാവകാശങ്ങൾക്ക് മീതെയല്ല പൗരധർമം**

അനുച്ഛേദം 51എ അനുശാസിക്കുന്ന പൗരധർമത്തിനാണ് (Fundamental Duty) ഏറെ പ്രാധാന്യമുള്ളത് എന്നാണ് കർണാടക ഹൈക്കോടതി പറയുന്നത്. എന്നാൽ 14,19, 21, 25 എന്നീ അനുച്ഛേദങ്ങൾക്ക് കീഴിലുള്ള മൗലികാവകാശങ്ങളെ മറികടക്കാൻ 51A ക്ക് കഴിയില്ല. 1977 ലെ പ്രസിദ്ധമായ മിനർവ മിൽസ് യൂണിയൻ ഓഫ് ഇന്ത്യ കേസ് വിധിയിൽ മൗലികാവകാശങ്ങൾക്കാണ് ഇന്ത്യൻ ഭരണഘടന ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടന ഭേദഗതി ചെയ്യാനുള്ള പാർലമെന്റിന്റെ അധികാരത്തിന് പരിധി നിശ്ചയിക്കുക കൂടിയാണ് പ്രസ്തുത വിധിയിലൂടെ സുപ്രീം കോടതി ചെയ്തിട്ടുള്ളത്.

**ഭരണഘടനാതത്ത്വങ്ങളും കർണാടകയും**

ഭരണഘടനാപരമായ ധാർമികത (Constitutional Moraltiy) എന്താണെന്നും ഭരണഘടനാവാദം (Constitutionalism) എന്താണെന്നും ഭരണഘടനാ തത്ത്വം (Constitutional Philosophy) എന്താണെന്നും കർണാടക ഹൈക്കോടതിയിലെ ജഡ്ജിമാർക്ക് ശരിക്കും മനസ്സിലായിട്ടില്ല. ദവെ ഇത് സൂചിപ്പിച്ചപ്പോൾ ഹൈക്കോടതി മൗലികാവകാശത്തെ കുറിച്ച് പറയുന്നുണ്ടെങ്കിലും ക്ലാസ് റൂമിന്റെ കാര്യം വരുമ്പോൾ അവിടെ മൗലികാവകാശം പാടില്ല എന്ന് പറയുന്ന അവസ്ഥയാണുള്ളതെന്ന് ജസ്റ്റിസ് ധൂലിയ പറഞ്ഞു. എവിടെനിന്നാണ് അവർക്ക് ഈ 'നിയന്ത്രണം' ലഭിച്ചത് എന്ന് മനസ്സിലാകുന്നില്ലെന്നും ബെഡ്റൂമിലും ക്ലാസ്റൂമിലും മൗലികാവകാശങ്ങളുണ്ടെന്നും ദവെ ചൂണ്ടിക്കാട്ടി.

**വിദ്യാലയങ്ങളും 'ബഹുമാന്യ' സ്ഥലങ്ങൾ തന്നെ!**

ബാർ കൗൺസിൽ ഓഫ്

ഇന്ത്യ ഒരു ഡ്രസ് കോഡ് നിർദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നാളെ ഞാൻ തൊപ്പി ധരിച്ച് കോടതിയിൽ വരികയും ചെയ്താൽ കോടതിക്ക് അത് തടയാൻ സാധിക്കുമോ? കോടതി മുറികളിൽ തൊപ്പിയോ തലപ്പാവോ ധരിച്ചുവരുന്നത് പണ്ടുകാലങ്ങളിൽ അഭിഭാഷകരുടെ പാരമ്പര്യമായിരുന്നല്ലോ എന്ന് ദവെ ചൂണ്ടിക്കാണിച്ചപ്പോൾ ജസ്റ്റിസ് ഗുപ്ത പറഞ്ഞത് 'ബഹുമാന്യ സ്ഥലങ്ങളിൽ' തൊപ്പി ധരിച്ചുവരുന്നതിന് വിരോധമില്ല എന്നായിരുന്നു. വിദ്യാലയങ്ങളും 'ബഹുമാന്യ സ്ഥലങ്ങൾ' തന്നെയാണെന്ന് ദവെ ഓർമിപ്പിച്ചു. നമ്മുടെ പ്രധാനമന്ത്രി ചില വിശേഷ സ്ഥലങ്ങളിൽ തലപ്പാവ് ധരിച്ചു പോകുന്നത് കണ്ടിട്ടില്ലേ എന്നും അദ്ദേഹം ചോദിച്ചു. അദ്ദേഹം അത് ധരിക്കുന്നത് അവിടുത്തെ ജനങ്ങളോടുള്ള ആദരവിന്റെ ഭാഗമായാണ്.

**മതസ്വാതന്ത്ര്യത്തിന് സ്ഥലപരിമിതിയില്ല**

മതപരമായ അവകാശം വ്യക്തിഗതമാണ്. ഏതൊരു വ്യക്തിയുടെയും സ്വതന്ത്രമായ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാണ് അത് നിലനിൽക്കുന്നത്. എന്റെ മുല്ലയെയോ ഗുരുവിനെയോ പണ്ഡിതനെയോ പിന്തുടരാതിരിക്കാനുള്ള സ്വാതന്ത്ര്യവും എനിക്കുണ്ട്. മതാചാരം സ്വീകരിക്കലും മതപ്രചാരണവും അടക്കമുള്ള മതസ്വാതന്ത്ര്യം എവിടെയും അനുവദിച്ചിട്ടുണ്ട് എന്നാണ് ശിരൂർ മഠം കേസിൽ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ളത്. ഒരു 'പാർലറിൽ' പോലും മതപ്രചാരണം നടത്താമെന്ന് പ്രസ്തുത വിധി പറയുന്നുവെങ്കിൽ എന്തുകൊണ്ട് വിദ്യാലയങ്ങളിൽ ആയിക്കൂടാ?

**മുസ്‌ലിം സ്ത്രീയുടെ ശിരോവസ്ത്രവും സാമാന്യബുദ്ധിയും**

ശിരോവസ്ത്രം ധരിക്കുന്നത് തന്റെ മതജീവിതത്തിന് സഹായകരമാണെന്ന് ഒരു മുസ്‌ലിം സ്ത്രീ കരുതുന്നുവെങ്കിൽ, ഒരു



അധികാരിക്കും കോടതിക്കും അല്ലെന്ന് പറയാൻ സാധിക്കില്ല. ശിരോവസ്ത്രത്തിന് അനുകൂലമായി വിധി നൽകിയ ദക്ഷിണാഫ്രിക്കൻ, യുകെ, ഫ്രഞ്ച് കോടതികളെ നാം മാനിക്കണം. നമ്മുടെ നിയമവ്യവസ്ഥയും കോടതിയും അവിടെനിന്നാണ് പലതും കടമെടുത്തിട്ടുള്ളത് എന്നോർക്കണം. മതസ്വാതന്ത്ര്യം മതവിശ്വാസങ്ങൾ മാത്രമല്ല, മതപരമായ ആചാരങ്ങളിലേക്കും അത് വ്യാപിക്കുന്നുണ്ട്. എസെൻഷ്യൽ, നോൺഎസെൻഷ്യൽ എന്നീ വേർതിരിവില്ല എന്നാണ് ശിരൂർ മഠം കേസ് വിധി വ്യക്തമാക്കുന്നത്. 1954ലെ രത്തിലാൽ ഗാന്ധി സ്റ്റേറ്റ് ഓഫ് ബോംബേ കേസിന്റെ വിധിയിൽ ഏതെങ്കിലും ഒരു മതാചാരത്തെ എസെൻഷ്യൽ അല്ലെന്ന് പറയാൻ ആർക്കും അധികാരമില്ലെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. പ്രസ്തുത വിധിയിൽ മതാചാരവുമായി ബന്ധപ്പെട്ട കാര്യത്തിൽ സംശയമുണ്ടെങ്കിൽ സാമാന്യ ബുദ്ധി (Common sense) ഉപയോഗിക്കാനാണ് സുപ്രീം കോടതി നിർദേശിച്ചത്. ശിരോവസ്ത്രം മുസ്‌ലിം സ്ത്രീകളെ സംബന്ധിച്ചിടത്തോളം എസെൻഷ്യൽ അല്ലെന്ന് നമ്മുടെ സാമാന്യ ബുദ്ധി നമ്മോട് പറയുമോ? നമുക്കത് ഇഷ്ടമുണ്ടോ ഇല്ലയോ എന്നത് അവരുടെ അവകാശങ്ങളെ നിയന്ത്രിക്കുന്ന ഘടകങ്ങളല്ല.

**മതാചാരങ്ങളും ഭരണകൂട നിയന്ത്രണങ്ങളും**

സർക്കാറിന്റെ ഭാഗം വിശദീകരിക്കുന്ന അറ്റോർണി ജനറൽ 25ാം അനുച്ഛേദത്തിന്റെ (2)എ ഉപവകുപ്പിന് ഏറെ ഊന്നൽ നൽകിക്കൊണ്ട് പറയുന്നത് എസെൻഷ്യൽ അല്ലാത്ത എല്ലാ മതാചാരങ്ങളും

**മതപരമായ അവകാശം വ്യക്തിഗതമാണ്. ഏതൊരു വ്യക്തിയുടെയും സ്വതന്ത്രമായ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാണ് അത് നിലനിൽക്കുന്നത്. മുല്ലയെയോ ഗുരുവിനെയോ പണ്ഡിതനെയോ പിന്തുടരാതിരിക്കാനുള്ള സ്വാതന്ത്ര്യവും ഏതൊരാൾക്കുമുണ്ട്. മതാചാരം സ്വീകരിക്കലും മതപ്രചാരണവും അടക്കമുള്ള മതസ്വാതന്ത്ര്യം എവിടെയും അനുവദിച്ചിട്ടുണ്ട് എന്നാണ് ശിരൂർ മഠം കേസിൽ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ളത്. ഒരു 'പാർലറിൽ' പോലും മതപ്രചാരണം നടത്താമെന്ന് പ്രസ്തുത വിധി പറയുന്നുവെങ്കിൽ എന്തുകൊണ്ട് വിദ്യാലയങ്ങളിൽ ആയിക്കൂടാ?**

ഭരണകൂട നിയന്ത്രണത്തിന് വിധേയമാണ് എന്നാണ്. എന്നാൽ മതാചാരങ്ങളിൽ പെട്ട യാതൊന്നിലും ഭരണകൂടത്തിനോ മറ്റുള്ളവർക്കോ ഇടപെടാൻ യാതൊരു അധികാരവുമില്ലെന്ന് ശിരൂർ മഠം കേസിൽ സുപ്രീംകോടതി അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുള്ളതാണ്.

**ദാവൂദി ബോറ കേസും എസൻഷ്യൽ വാദവും**

ബോംബെയിലെ ദാവൂദി ബോറ സമൂഹത്തിൽ നടന്ന മതഭ്രഷ്ടുമായി ബന്ധപ്പെട്ട 1957 ലെ സർദാർ സയ്യിദ്നാ താഹിർ സൈഫുദ്ദിൻ സ്റ്റേറ്റ് ഓഫ് ബോംബെ കേസിലെ പരാമർശങ്ങൾ ദുഷ്യന്ത് ദവെ ഉദ്ധരിച്ചു. മതത്തിൽനിന്നും പുറത്താക്കുന്ന നടപടികളെ നിരോധിച്ചുകൊണ്ട് ബോംബെ സർക്കാർ പ്രിവൻഷൻ ഓഫ് എക്സ് കമ്യൂണിക്കേഷൻ ആക്റ്റ് കൊണ്ടുവന്നിരുന്നു. എന്നാൽ ഈ ആക്റ്റ് ഭരണഘടനയുടെ 25, 26 അനുച്ഛേദങ്ങളുടെ ലംഘനമാണെന്ന് കണ്ടെത്തുകയും ആക്റ്റ് സുപ്രീം കോടതി റദ്ദ് ചെയ്യുകയും ചെയ്തു. വിധിയിലെ ഒരു പരാമർശം ഇങ്ങനെയായിരുന്നു. 'ഒരു മതത്തിന്റെ എസെൻഷ്യൽ ഭാഗം എന്താണെന്ന് തീരുമാനിക്കേണ്ടത് പ്രസ്തുത മതത്തിന്റെ പ്രമാണങ്ങൾ അനുസരിച്ചാണ്. മാത്രമല്ല, പ്രസ്തുത മതസമൂഹം മതാചാരമായി കണക്കാക്കുന്ന എല്ലാം അതിൽ ഉൾപ്പെടുത്തുകയും വേണം.' അടിസ്ഥാനനിയമങ്ങൾ, അവിഭാജ്യ ആചാരങ്ങൾ എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ അടിസ്ഥാനത്തിൽ അവയുടെ പ്രാധാന്യങ്ങളിൽ വേർതിരിവ് കാണിക്കാൻ പാടില്ല എന്നും പ്രസ്തുത വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**തിൽകായത്ത് ശ്രീ കേസും വിധിയും**

1963ലെ തിൽകായത്ത് ശ്രീ സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ കേസിന്റെ വിധിയിലെ പരാമർശങ്ങൾ ദവെ ഉദ്ധരിച്ചു: 'ഒരു മതാചാരം ആ മതത്തിന്റെ അവിഭാജ്യ ഘടകമാണോ അല്ലയോ എന്ന് തീരുമാനിക്കുന്നതിന് പ്രസ്തുത മതസമൂഹം അതിനെ എങ്ങനെ കാണുന്നു എന്നാണ് പരിശോധിക്കപ്പെടേണ്ടത്.' 'എസെൻഷ്യൽ റിലീജ്യസ് പ്രാക്ടീസ്' ഒരിക്കലും ജുഡീഷ്യൽ വിധിന്യായങ്ങൾക്കുള്ള അടിസ്ഥാനമായി സ്വീകരിച്ചിട്ടില്ല എന്ന വസ്തുതയാണ് ഇത് വ്യക്തമാക്കുന്നത്. മതപരവും മതേതരവുമായ പ്രവൃത്തികൾ തമ്മിലുള്ള വ്യതിരിക്തതയെ സൂചിപ്പിക്കുന്നതിനുവേണ്ടി മാത്രമാണ് 'എസെൻഷ്യൽ' എന്ന പദം ഉപയോഗിച്ചിട്ടുള്ളത്.

**ഒരേ മതത്തിലെ തന്നെ വിവിധ കക്ഷികൾ**

എസൻഷ്യൽ ആണോ എന്ന പരിശോധന ചില സന്ദർഭങ്ങളിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചേക്കാം. മതവിശ്വാസത്തിന്റെ ഭാഗമായി സ്വീകരിക്കപ്പെടുന്ന ഭക്ഷണം, വസ്ത്രം തുടങ്ങിയ സംബന്ധിച്ച വിഷയങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ വന്നേക്കാം. ഒരു വിഭാഗം വെള്ളവസ്ത്രമാണ് മതത്തിലെ എസൻഷ്യൽ ആയ കാര്യമെന്ന് വാദിക്കുമ്പോൾ മറ്റൊരു വിഭാഗം മഞ്ഞയാണെന്ന് വാദിക്കുന്നു. ഇതെല്ലം കോടതി എങ്ങനെ തീരുമാനിക്കും? ഒരേ മതസമൂഹത്തിൽനിന്ന് തന്നെ വ്യത്യസ്ത ശബ്ദങ്ങൾ വരുമ്പോൾ കോടതിയുടെ ശ്രമം പരാജയപ്പെടും. അതുകൊണ്ട് വ്യത്യസ്ത ശബ്ദങ്ങളെ പരിഗണിക്കുകയാണ് ഏറ്റവും കരണീയമായ മാർഗം. ഒരേ ദൈവത്തെ ആളുകൾ പലവിധത്തിൽ കാണുന്നു. കേരളത്തിൽ ശബരിമല അയ്യപ്പ ദർശനത്തിനായി കറുത്ത വസ്ത്രമണിഞ്ഞാണ് ഹൈന്ദവ വിശ്വാസികൾ പോകുന്നതെങ്കിൽ ഗംഗാജലം തേടി പോകുന്ന ഹൈന്ദവ വിശ്വാസികൾ അണിയുന്നത് കാവി വസ്ത്രമാണ്. ശിവഭക്തർ സംഗീതത്തിന്റെ അകമ്പടിയോടെ നൃത്തം ചെയ്തുകൊണ്ടാണ് പോകുന്നത്. ഇത് സൂചിപ്പിക്കുന്നത് ഒരേ മതത്തിൽതന്നെ ഓരോ വിഭാഗത്തിനും അവരുടെതായ സ്വത്വ സ്വരൂപങ്ങളുണ്ട് എന്നതാണ്. അതുകൊണ്ട് എസൻഷ്യൽ റിലീജിയസ് പ്രാക്ടീസ് എന്നതിനു പകരം അനുച്ഛേദം 25ൽ പറയുന്ന പോലെ റിലീജിയസ് പ്രാക്ടീസ് എന്ന് മാത്രം പ്രയോഗിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മതസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയും ചെയ്യുക എന്നത് മാത്രമാണ് ഭരണഘടനാപരമായി ശരിയാവുക. മത സ്വാതന്ത്ര്യത്തിന്റെ ഭാഗമായ ശിരോവസ്ത്രത്തിനുമേൽ നിയന്ത്രണം ഏർപ്പെടുത്താവുന്ന ഒരു കാരണവും ഇവിടെ ഉണ്ടായിട്ടില്ല.

(തുടരും)

*അടുത്ത ലക്കത്തിൽ:* **ദുഷ്യന്ത് ദവെയുടെ പ്രൗഢമായ ഉപസംഹാരവും സോളിസിറ്റർ ജനറലുടെ ദുർബല വാദങ്ങളും.**

**ഒരേ ദൈവത്തെ ആളുകൾ പലവിധത്തിൽ കാണുന്നു. കേരളത്തിൽ ശബരിമല അയ്യപ്പ ദർശനത്തിനായി കറുത്ത വസ്ത്രമണിഞ്ഞാണ് ഹൈന്ദവ വിശ്വാസികൾ പോകുന്നതെങ്കിൽ ഗംഗാജലം തേടി പോകുന്ന ഹൈന്ദവ വിശ്വാസികൾ അണിയുന്നത് കാവി വസ്ത്രമാണ്. ശിവഭക്തർ സംഗീതത്തിന്റെ അകമ്പടിയോടെ നൃത്തം ചെയ്തുകൊണ്ടാണ് പോകുന്നത്. ഇത് സൂചിപ്പിക്കുന്നത് ഒരേ മതത്തിൽതന്നെ ഓരോ വിഭാഗത്തിനും അവരുടെതായ സ്വത്വ സ്വരൂപങ്ങളുണ്ട് എന്നതാണ്. അതുകൊണ്ട് എസൻഷ്വൽ റിലീജിയസ് പ്രാക്ടീസ് എന്നതിനു പകരം അനുച്ഛേദം 25ൽ പറയുന്ന പോലെ റിലീജിയസ് പ്രാക്ടീസ് എന്ന് മാത്രം പ്രയോഗിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മതസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയും ചെയ്യുക എന്നത് മാത്രമാണ് ഭരണഘടനാപരമായി ശരിയാവുക.**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 43

# അസ്സുഖ്റുഫ്

## (സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

وَتَبَارَكَ ٱلَّذِى لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا
بَيْنَهُمَا وَعِندَهُۥ عِلْمُ ٱلسَّاعَةِ وَإِلَيْهِ تُرْجَعُونَ
٨٥

وَلَا يَمْلِكُ ٱلَّذِينَ يَدْعُونَ مِن دُونِهِ
ٱلشَّفَٰعَةَ إِلَّا مَن شَهِدَ بِٱلْحَقِّ وَهُمْ يَعْلَمُونَ
٨٦

وَلَئِن سَأَلْتَهُم مَّنْ خَلَقَهُمْ لَيَقُولُنَّ ٱللَّهُ ۖ فَأَنَّىٰ
يُؤْفَكُونَ ٨٧

وَقِيلِهِۦ يَٰرَبِّ إِنَّ هَٰٓؤُلَآءِ قَوْمٌ لَّا يُؤْمِنُونَ
٨٨

فَٱصْفَحْ عَنْهُمْ وَقُلْ سَلَٰمٌ ۚ فَسَوْفَ يَعْلَمُونَ ٨٩

85. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും ആധിപത്യം ഏതൊരുവന്നാണോ അവൻ അനുഗ്രഹ പൂർണനാകുന്നു. അവന്റെ പക്കൽ തന്നെയാകുന്നു ആ(അന്ത്യ) സമയത്തെപറ്റിയുള്ള അറിവ്. അവന്റെ അടുത്തേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.

86. അവന്നു പുറമെ ഇവർ ആരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവർ ശുപാർശ അധീനപ്പെടുത്തുന്നില്ല; അറിഞ്ഞു കൊണ്ടുതന്നെ സത്യത്തിന് സാക്ഷ്യം വഹിച്ചവരൊഴികെ.

87. ആരാണ് അവരെ സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും; അല്ലാഹു എന്ന്. അപ്പോൾ എങ്ങനെയാണ് അവർ വ്യതിചലിപ്പിക്കപ്പെടുന്നത്?

88. എന്റെ രക്ഷിതാവേ! തീർച്ചയായും ഇക്കൂട്ടർ വിശ്വസിക്കാത്ത ഒരു ജനതയാകുന്നു എന്ന് അദ്ദേഹം (പ്രവാചകൻ) പറയുന്നതും (അല്ലാഹു അറിയും).

89. അതിനാൽ നീ അവരെ വിട്ടുതിരിഞ്ഞുകളയുക. സലാം! എന്ന് പറയുകയും ചെയ്യുക. അവർ വഴിയെ അറിഞ്ഞു കൊള്ളും.

85). (ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും ആധിപത്യം ഏതൊരുവനാണോ അവൻ അനുഗ്രഹപൂർണനാകുന്നു). അനുഗ്രപൂർണനാകുന്നു എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഉന്നതനും മഹത്വമുള്ളവനും നന്മ അധികരിച്ചവനും വിശാല ഗുണങ്ങളുള്ളവനും മഹത്തായ ആധിപത്യമുള്ളവനും എന്നാണ്. അതാണിവിടെ പറഞ്ഞത്. ആകാശ ഭൂമിയിലും അവയ്ക്കിടയിലും അവന്റെ ആധിപത്യം വിശാലമായിരിക്കുന്നുവെന്ന്, അവന്റെ അറിവും. തീർച്ചയായും അവനെല്ലാ കാര്യവും അറിയുന്നവനാകുന്നു. അദൃശ്യജ്ഞാനം അവനുമാത്രം പ്രത്യേകമാണ്. അത് ഒരു സൃഷ്ടിക്കും അറിയാൻ സാധ്യമല്ല. അല്ലാഹുവിനോട് സാമീപ്യമുള്ള മലക്കിനോ പ്രവാചകനോ ഒരാൾക്കും തന്നെ. അതാണ് തുടർന്ന് പറഞ്ഞത് (അവന്റെയടുക്കൽ തന്നെയാകുന്നു ആ സമയത്തെപ്പറ്റിയുള്ള അറിവ്). ഈ വാചനത്തിൽ 'അവന്റെയടുക്കൽ' എന്നത് ആദ്യം പറയാൻ കാരണം ആ അറിവ് മാത്രം പരിമിതപ്പെടുത്താനാണ്. എപ്പോൾ അന്ത്യസമയം വരുമെന്ന് അവനല്ലാതെ ഒരാൾക്കും അറിയില്ല. അവൻ രണ്ട് ലോകങ്ങളുടെയും ഉടമസ്ഥനാണെന്നത് അവന്റെ അധികാരത്തിന്റെ പൂർണതയും വിശാലതയും അറിയിക്കുന്നു. (അവന്റെ അടുത്തേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും) അതായത് പരലോകത്ത് അപ്പോൾ അവൻ നിങ്ങൾക്കിടയിൽ നീതിപൂർവം വിധിക്കും.

86). അവന്റെ സൃഷ്ടികളിൽ ഒരാളും ഒരു കാര്യവും ഉടമപ്പെടുത്തുന്നില്ല എന്നത് അവന്റെ അധികാരത്തിന്റെ പൂർണതയാണ്. അവന്റെ അനുമതിയില്ലാതെ അവന്റെയടക്കൽ ശുപാർശക്ക് വരാനും ഒരാൾക്കുമാവില്ല. (അവന്നുപുറമെ ഇവർ ആരെ വിളിച്ച് പ്രാർഥിക്കുന്നുവോ അവർ ശുപാർശ അധീനപ്പെടുത്തുന്നില്ല) അല്ലാഹുവിന് പുറമെ അവർ വിളിച്ചു പ്രാർഥിക്കുന്ന പ്രവാചകന്മാർ, മലക്കുകൾ മറ്റു ജീവികൾക്കൊന്നും അവന്റെ അനുമതിയില്ലാതെ അവൻ തൃപ്തിപ്പെടാതെ ശുപാർശ ചെയ്യാനാവില്ല (അറിഞ്ഞുകൊണ്ടുതന്നെ സത്യത്തിന് സാക്ഷ്യം വഹിച്ചവരൊഴികെ). താൻ സാക്ഷ്യം വഹിക്കുന്നത് എന്താണെന്ന് മനസ്സിലാക്കി ഹൃദയത്തിലുറപ്പിച്ച് നാവുകൊണ്ട് പറയണം. അവൻ സാക്ഷ്യംവഹിക്കുന്നത് സത്യത്തെയായിരിക്കണമെന്ന നിബന്ധനയുണ്ട്. സത്യമെന്നത് അവന്റെ ഏകത്വവും ദൂതന്മാരുടെ പ്രവാചകത്വവും അവർ കൊണ്ടുവന്ന മതത്തിന്റെ അടിസ്ഥാനപരവും ശാഖാപരവുമായ വസ്തുതകളും മതനിയമങ്ങളും ശരിവെക്കലുമാണ്. ഇക്കൂട്ടർക്ക് ശുപാർശകരുടെ ശുപാർശ ഫലപ്പെടും. ഇവർ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടവരും അവന്റെ പ്രതിഫലം നേടിയവരുമാണ്.

87). തുടർന്ന് അല്ലാഹു പറയുന്നു: (ആരാണ് അവരെ സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും) രക്ഷാകർതൃത്വത്തിലുള്ള ഏകത്വത്തെക്കുറിച്ച് മുശ്രിക്കുകളോട് ചോദിച്ചാൽ, അതായത് ആരാണ് സ്രഷ്ടാവെന്ന്. അല്ലാഹുവാണെന്നും അവനേകനാണെന്നും അവന് പങ്കുകാരില്ലെന്നും അവരംഗീകരിക്കും (അപ്പോൾ അവരെങ്ങനെയാണ് വ്യതിചലിക്കപ്പെടുന്നത്). അപ്പോ ൾ എങ്ങനെയാണ് ആരാധന അല്ലാഹുവിന് മാത്രമാക്കുന്നതിൽനിന്നും അവർ തെറ്റിക്കപ്പെടുന്നത്? സൃഷ്ടികർതൃത്വത്തിലുള്ള ഏകത്വം അംഗീകരിക്കുമ്പോൾ ആരാധനയിലെ ഏകത്വവും അംഗീകരിക്കേണ്ടതുണ്ട്. ബഹുദൈവത്വത്തിന്റെ നിരർഥകതക്കുള്ള ഏറ്റവും വലിയ തെളിവ് സൃഷ്ടികർതൃത്വത്തിലെ ഏകത്വം തന്നെയാണ്.

88). (എന്റെ രക്ഷിതാവേ, തീർച്ചയായും ഇക്കൂട്ടർ വിശ്വസിക്കാത്ത ഒരു ജനതയാകുന്നു എന്ന് അദ്ദേഹം പറയുന്നതും) ഈ വാചകത്തിന് ബന്ധം 'അവന്റെ പക്കലാകുന്നു ആ അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്' എന്ന വചനത്തോടാണ്. അതായത് ആ പ്രവാചകൻ തന്റെ ജനത തന്നെ കളവാക്കുന്നതിനെക്കുറിച്ച് വിഷമിച്ചും അവർ വിശ്വസിക്കാത്തതിൽ ദുഃഖിച്ചും ആവലാതി പറയുന്നതിനെക്കുറിച്ചുള്ള അറിവും അവനുണ്ട്. അല്ലാഹുവാണ് ഈ അവസ്ഥയെക്കുറിച്ച് ഏറ്റവുമധികം അറിയുന്നവൻ. അവരെ ശിക്ഷിക്കാൻ കഴിവുള്ളവനും. എന്നാൽ അല്ലാഹു അങ്ങേയറ്റം ക്ഷമാശീലനാണ്. തന്റെ ദാസന്മാർക്കവൻ സാവകാശം നൽ കും. അവർ മടങ്ങാനും പശ്ചാത്തപിക്കാനുംവേണ്ടി അവർക്കും സമയം നൽകും.

89). അതാണ് തുടർന്ന് പറയുന്നത് (അതിനാൽ നീ അവരെ വിട്ട് തിരിഞ്ഞുകളയുക, സലാം എന്ന് പറയുകയും ചെയ്യുക) വാക്കിലും പ്രവൃത്തിയിലും അവരിൽ നിന്നുണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്നും നീ അവർക്ക് വിട്ടുവീഴ്ച നൽകുക. മാപ്പ് നൽകുക. ബുദ്ധിയും ഉൾക്കാഴ്ചയുമുള്ള വിവേകശാലികൾ അവിവേകികളെ നേരിടുന്നതുപോലെ സലാമല്ലാതെ നിന്നിൽ നിന്നുണ്ടായിക്കൂടാ. അതാണല്ലോ തന്റെ നല്ല ദാസന്മാരെക്കുറിച്ച് അല്ലാഹു പറഞ്ഞത്

وَإِذَا خَاطَبَهُمُ ٱلْجَٰهِلُونَ

“അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ” അവിവേകത്തോടുകൂടിയുള്ള സംസാരം. (സമാധാനപരമായി മറുപടി നൽകുന്നവരാകുന്നു) (ഫൂർഖാൻ 63). പ്രവാചകൻ തന്റെ രക്ഷിതാവിന്റെ നിർദേശം പാലിച്ചും തന്റെ ജനതയിൽ നിന്ന് ഏൽക്കേണ്ടിവന്ന ഉപദ്രവങ്ങളെ വിട്ടുവീഴ്ച നൽകി ഏറ്റെടുത്തു. മാന്യമായ സംസാരവും നല്ല പെരുമാറ്റവും കൊണ്ടല്ലാതെ നബി (സ) അതിനെ നേരിട്ടിട്ടില്ല. അങ്ങനെ സവിശേഷമായ സ്വഭാവംകൊണ്ട് പ്രവാചകൻ (സ്വ) ആകാശഭൂമികളിലുള്ളവരിലെല്ലാം ശ്രേഷ്ഠനായി. ഉന്നത നക്ഷത്രങ്ങളെക്കാളും ഉയരത്തിലായി (അവർ വഴിയെ അറിഞ്ഞുകൊള്ളും). അവരുടെ പാപങ്ങളുടെ ദുരന്തവും കുറ്റങ്ങളുടെ ശിക്ഷയും അവരറിയും.



# അലിവുള്ളവരാവുക

**വി.വി. ബഷീർ, വടകര**

പ്രിയപ്പെട്ട കുട്ടികളേ, നിങ്ങളൊക്കെ പഠിച്ചു കൊണ്ടിരിക്കുന്നവരാണല്ലോ. നിങ്ങൾ നിങ്ങളുടെ കൂടെ പഠിക്കുന്ന കൂട്ടുകാരുടെ അവസ്ഥകൾ മനസ്സിലാക്കാൻ ശ്രമിക്കാറുണ്ടോ? അവരിൽ പണക്കാരുടെ മക്കളുണ്ടാകും. വലിയ ഉദ്യോഗസ്ഥരുടെ മക്കളുണ്ടാകും. സാധാരണക്കാരുടെ കുട്ടികളുണ്ടാകും. ചിലർ അനാഥരായിരിക്കും. ഉപ്പ മരിച്ചുപോയ കുട്ടികളാണ് അനാഥർ. ഉപ്പയും ഉമ്മയുമില്ലാത്തവരും അപൂർവമായി ഉണ്ടായേക്കാം.

അങ്ങനെയുള്ള കുട്ടികളുടെ പ്രയാസങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? തെരുവിൽ അലയുന്ന കുട്ടികളെ നിങ്ങൾ കാണാറില്ലേ? മാതാപിതാക്കൾ ഉണ്ടെങ്കിലും വളരെ സാധുക്കളായതിനാൽ, സ്വന്തമായി വീടില്ലാത്തതിനാൽ അവർക്ക് തെരുവിൽ ജീവിക്കേണ്ടിവരുന്നു.

നിങ്ങളെ പോലെ നല്ല വസ്ത്രം ധരിക്കാനോ, നല്ല ഭക്ഷണങ്ങൾ കഴിക്കാനോ കഴിയാത്ത അനാഥരും അഗതികളുമായ കുട്ടികളെ കാണുമ്പോൾ നിങ്ങൾക്ക് സങ്കടം വരാറില്ലേ? നിങ്ങളുടെ ഉപ്പയും ഉമ്മയും നിങ്ങളെ കൂടെ നടത്തുകയും നിങ്ങൾക്ക് മിഠായിയും മറ്റും വാങ്ങിത്തരികയും നിങ്ങളെ തലോടുകയും ഉമ്മതരികയുമൊക്കെ ചെയ്യുമ്പോൾ നിങ്ങൾ അതിയായി സന്തോഷിക്കാറില്ലേ?

എന്നാൽ ഒന്ന് ഓർത്തുനോക്കൂ; ഉപ്പ മരണപ്പെട്ടുപോയ, അല്ലെങ്കിൽ ഉമ്മയും ഉപ്പയും മരണപ്പെട്ടുപോയ കുട്ടികളുടെ അവസ്ഥ എന്തായിരിക്കും? ഉപ്പയും ഉപ്പയും മടങ്ങിവന്ന് അവർക്ക് സ്നേഹവും തലോടലും നൽകില്ല. ആ സന്തോഷം അവർക്ക് ഈ ലോകത്തുനിന്ന് ഇനി ലഭിക്കില്ല. അതിന്റെ സങ്കടം അവരുടെ മനസ്സിലുണ്ടാകും. അതുകൊണ്ട് അങ്ങനെയുള്ള കുട്ടികളെ നിങ്ങൾ തിരിച്ചറിയണം. അവരെ പ്രത്യേകമായി പരിഗണിക്കണം. അവരുടെ മനസ്സിനെ വേദനിപ്പിക്കുന്ന കാര്യങ്ങൾ പറയരുത്. കഴിയുന്ന സഹായങ്ങൾ അവർക്ക് ചെയ്തുകൊടുക്കണം.

അനാഥരെ സംരക്ഷിക്കുന്നവനും ഞാനും സ്വർഗത്തിൽ അടുത്തായിരിക്കുമെന്ന് നബി(സ്വ) പറഞ്ഞതായി നിങ്ങൾ മദ്റസയിൽനിന്ന് പഠിച്ചിട്ടുണ്ടാകും. അനാഥരോട് പരുഷമായി പെരുമാറരുത് എന്ന് ക്വുർആൻ പറയുന്നുണ്ട്. എല്ലാവരോടും നല്ല നിലയിൽ പെരുമാറുവാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അനാഥരും സാധുക്കളുമായവർക്ക് കഴിയുന്ന സഹായം ചെയ്തുകൊടുക്കുവാൻ കൂട്ടുകാർ ശ്രദ്ധിക്കുമല്ലോ. സ്വർഗം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ നന്മയായ ഒന്നിനെയും നിസ്സാരമാക്കി തള്ളിക്കളയാൻ പാടില്ല. ■

# നന്മയിൽ മുന്നേറാം

**ഹുസ്ന മലോറം**

നല്ലതു കേൾക്കാം
നല്ലതു പറയാം
നല്ലവരായീടാം
നല്ലതു ചെയ്യാം
നമ്മൾക്കെന്നും
നന്മയിൽ മുന്നേറാം
നന്മകൾ തേടാം
നന്മകൾ നേടാം
നല്ലതു ചിന്തിക്കാം
നല്ലൊരു ചിന്തയിൽ
നല്ലൊരു ചന്തം
എന്നും കണ്ടീടാം
■

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
31 DECEMBER 2022

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

വില: ₹280+₹360+₹420=₹1060
ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക്:
₹860

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅ്‌വത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

മൂന്ന് വാല്യങ്ങൾ




# വഹാബി നവോത്ഥാനം
## വിമർശകരും വസ്തുതകളും
**ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478